والدعوة

# اعترافات كنت قبورياً

مليباري

# ഒരു ഖബർ പൂജകന്റെ കുററസമ്മതം

രചന

പ്രൊഫസർ അബ്ദുൽ മുൻഇം അൽജദാവി

പരിഭാഷ

അബ്ദു റസാഖ് സ്വലാഹി

പ്രസാധനം

e Co Operative Office for Call and Guidance
t West dirah .Tel: 439 1942 Fax: 4391851

المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة
هاتف ٤٣٩١٩٤٢، ناسوخ ٤٣٩١٨٥١، ص.ب ١٥٤٤٨٨، الرياض ١١٧٣٦
حساب رقم ٩٢٤٠٠/٤ شركة الراجحي المصرفية فرع سلطانة

4921860

المملكة العربية السعودية
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

# اعترافات
# كنت قبوريا

مليباري

# ഒരു ഖബർ പൂജകന്റെ കുറ്റസമ്മതം

രചന

പ്രൊഫസർ അബ്ദുൽ മുൻഇം അൽജദാവി

പരിഭാഷ

അബ്ദു റസാഖ് സ്വലാഹി

പ്രസാധനം

ne Co Operative Office for Call and Guidance
At West dirah .Tel: 439 1942 Fax: 439185

# വിവർത്തക കുറിപ്പ്

സത്യനിഷേധികൾ സത്യത്തെ ഇഷ്ടപ്പെടില്ല,
ഇതിനു മനുഷ്യ ചരിത്രം സാക്ഷിയാണ്.
സത്യപ്രബോധകന്മാർ മർദ്ദിക്കപ്പെടുന്നു.
ആരോപണങ്ങൾ കൊണ്ട് അവരെ തടുക്കുവാൻ ശ്രമിക്കുന്നു.
അപവാദങ്ങൾ പ്രചരിപ്പിക്കുന്നു.
എങ്കിലും...
സത്യം പുലർന്നുകൊണ്ടിരിക്കുന്നു.
അത് പുലരുക തന്നെ ചെയ്യും.
ആരെതിർത്താലും.
അസത്യത്തിന്റെ, അജ്ഞതയുടെ ആഴിയിൽ,
ഊളിയിട്ട് ജീവിതം നയിച്ചൊരു സോദരൻ
സത്യമാർഗ്ഗത്തിലേക്ക്
ആകർഷിച്ച കഥയാണിത്.
ഖബറും ദർഗ്ഗകളും ജാറങ്ങളും,
വലിയ്യും ഖുതുബും പുണ്യപുരുഷനും
ഇന്നും ആരാധിക്കപ്പെടുന്നു.
മനുഷ്യർ അവയിലേക്ക് ആകർഷിക്കപ്പെടുന്നു.
ഈ കഥ ഈജിപ്തിലേതെങ്കിലും,
അന്ധവിശ്വാസങ്ങളുടെ കേന്ദ്ര ഭൂമിയാണ് ഇന്ത്യ.
വിശ്വാസികളുടെ മനസ്സിനെ വേദനിപ്പിക്കും
അന്ധവിശ്വാസത്തിന്റെ വിഴുപ്പു ഭാണ്ഡം
പേറുന്നവരാണ് ഭൂരിപക്ഷം മുസ്‌ലിമുമവിടെ.

ഈ പുസ്തകം ആർക്കെങ്കിലും
സത്യത്തിലേക്കുള്ളൊരു ചൂണ്ടിയായിരുന്നെങ്കിൽ..
എന്ന് ഞാനാശിക്കുന്നു.
ഈ മൊഴിമാറ്റത്തിലെന്തോ
പാകപ്പിഴവുകൾ കണ്ടു പോയാൽ,
ഇല്ല, പാടില്ല ദേഷ്യമോ കോപമോ,
സ്നേഹമായെന്നെ ഉണർത്തീടുക.
ലളിതമായീശ്രമത്തിലെന്നെ
സഹായിച്ചോർക്കെല്ലാം നൽകിടട്ടെ,
നാഥന്റെ കൃപ ഇഹപരത്തിൽ.
പുണ്യ പ്രവാചകൻ മുഹമ്മദിനും
കുടുംബത്തിനുമാ സഹാബത്തിനും
സർവ്വർക്കും കാരുണ്യം ചൊരിഞ്ഞിടട്ടെ.
എന്നെ എഴുതാൻ പഠിപ്പിച്ച നാഥാ,
നിനക്കാണു സ്തോത്രം.
എന്റുപ്പയെന്നെ പോറ്റി, നാഥാ
ഉപ്പാക്കുമെന്നും കാരുണ്യമേക്.
ഇതു പ്രസാധനം ചെയ്യുന്നോർക്കും
സർവ്വ മുസ്ലിം സഹോദരർക്കും
പാപമോചനം നൽകീടു നാഥാ.

— വിവർത്തകൻ

## താളുകൾ മറിക്കുമ്പോൾ


| | പേജ് |
|---|---|
| 1 എന്തുകൊണ്ട് ഇതു പ്രസിദ്ധീകരിക്കുന്നു | 1 |
| 2 എന്റെ വഴിത്തിരിവ് | 2 |
| 3 ഒരു സംവാദത്തിന്റെ തുടക്കം | 4 |
| 4 അന്ധവിശ്വാസം തകർന്നടിയുന്നു | 7 |
| 5 വിഭ്രാന്തി പൂണ്ട മുസ്‌ലിം സമൂഹം | 8 |
| 6 തൻത്വായിലേക്കൊരു പുണ്യ യാത്ര | 12 |
| 7 പ്രബോധനത്തിന്റെ അനിവാര്യത | 14 |
| 8 തൗഹീദിന്റെ ശത്രുക്കൾ | 16 |
| 9 ഔലിയാക്കളുടെ മജ്‌ലിസ് | 17 |
| 10 ദീർഘായുസ്സിനായി ദർഗ്ഗാശരീഫിലേക്ക് | 18 |
| 11 തൗഹീദിന്റെ വെളിച്ചം | 20 |
| 12 ജാഹിലിയ്യത്ത് തകർന്നടിയുന്നു | 21 |
| 13 വ്യാജ സിദ്ധൻ വധിക്കപ്പെടുന്നു | 25 |
| 14 കപട സിദ്ധന്മാരെ സൂക്ഷിക്കുക | 28 |
| 15 കേവല ഭൗതിക പഠനവും അന്ധവിശ്വാസവും | 29 |
| 16 പാതിരാവിലെ ജിന്നു പൂജ | 31 |
| 17 ഹറാനും സത്യം ബോധ്യപ്പെടുന്നു | 33 |
| 18 അന്ധവിശ്വാസത്തെ ചെറുക്കുക | 36 |

## ആമുഖം

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവി ന്റെ നാമത്തിൽ.

സർവ്വ ലോക രക്ഷിതാവായ അല്ലാഹുവിന്നാണ് എല്ലാ സ്തുതികളും. ഏകദൈവ വിശ്വാസികളുടെ ഇമാമായും ലോക ജനതക്ക് കാരുണ്യമായും അല്ലാഹു നിയോഗിച്ച പ്രവാചകൻ മുഹമ്മദ് ﷺ യുടെ മേലിലും അവിടുത്തെ കുടുംബത്തിനും എല്ലാ സഹാബികൾക്കും അല്ലാഹുവിന്റെ രക്ഷയും നന്മയും ഉണ്ടാവട്ടെ.

തൗഹീദിൽ നിന്നും ബഹുദൂരം അകന്ന് അന്ധവിശ്വാസ ത്തിന്റെ കൂരിരുട്ടിൽ സുദീർഘകാലം കഴിച്ചു കൂട്ടിയ ഒരാൾ സത്യമാർഗ്ഗം സ്വീകരിച്ചതെങ്ങനെ എന്ന കഥയാണിത്. അയാൾ ഖബറുകളെ വണങ്ങുകയും, അവയെ സ്പർശിച്ച് അനുഗ്രഹം കാംക്ഷിക്കുകയും, മഖ്ബറകളെ ത്വവാഫു ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് സത്യപ്രകാശ ത്തിലേക്ക്, തൗഹീദിന്റെ വെളിച്ചത്തിലേക്ക് അല്ലാഹു അയാൾക്ക് മാർഗ്ഗ ദർശനം നൽകി. അല്ലാഹു ഉദ്ദേശിക്കുന്ന വരെ അവൻ സന്മാർഗ്ഗത്തിൽ ചേർക്കുന്നതാണ്. ശേഷം അദ്ദേഹം തന്റെ അനുഭവങ്ങളിൽ നിന്നും മറ്റുള്ളവർക്കു കൂടി ഗുണ പാഠം ഉണ്ടാകുന്നതിനായി ഈ കഥ ഖണ്ഡശ യായി പ്രസിദ്ധീകരിച്ചു.

ഒരു ഇസ്ലാമിക മാസികയിൽ ആദ്യം ഇത് പ്രസ്ദ്ധീകരി ക്കുകയുണ്ടായി. സലഫികളുടെ പ്രബോധനങ്ങളിൽ നി ന്നും പ്രചോദനം ഉൾക്കൊണ്ട പ്രൊഫ. അബ്ദുൽ മുൻഇ മിന്റെ സരസവും ലളിതവുമായ ശൈലിയാൽ ധാരാളം

ജനമനസ്സുകളെയും ഈ ഖണ്ഡശ ഹഠാതാകർഷിച്ചു. ഈ സ്വാധീനം കണ്ടപ്പോൾ ഇവയെല്ലാം ക്രോഡീകരിച്ച് ഒരു പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് ഏറ്റവും കൂടുതൽ ഫലപ്രദമാകുമെന്ന് മനസ്സിലാക്കിയാണ് ഇങ്ങനെ തീരുമാനിച്ചത്.

ഇതിലൂടെ സത്യത്തിന്റെ കിരണങ്ങൾ കണ്ടെത്താനും അതിനെ പിൻപറ്റാനും, അധർമ്മത്തെയും വഴികേടിനെയും മനസ്സിലാക്കി അതിൽ നിന്നകലുവാനും അല്ലാഹു അവർക്ക് തൗഫീഖ് നൽകട്ടെ.

അല്ലാഹുവാണ് ഏറ്റവും നല്ല മാർഗ്ഗത്തിലേക്ക് നയിക്കുന്നവൻ. നമുക്ക് അവൻ തന്നെ മതി. ഭരമേൽപ്പിക്കുവാൻ എത്രയെ നല്ലവനാണവൻ. പ്രവാചകൻ ﷺ ക്കും കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സമാധാനവും അനുഗ്രഹവും ചൊരിയുമാറാകട്ടെ... ആമീൻ.

— പ്രസാധകർ

## എന്തുകൊണ്ട് ഇതു പ്രസിദ്ധീകരിക്കുന്നു ?

ഖബ്റാരാധനയും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന അന്ധവിശ്വാസങ്ങളും പരിത്യജിച്ച് സത്യ സമ്പൂർണ്ണമായ തൗഹീദിലേക്കുള്ള മടക്കം എഴുതി പ്രസിദ്ധീകരിക്കേണ്ടതു ണ്ടോ എന്ന് ഞാൻ സംശയിച്ചിരുന്നു. എന്നാൽ ഈ വസ്തുത പ്രസിദ്ധീകരിച്ചാൽ ഉണ്ടായേക്കാവുന്ന മഹത്തായ നേട്ടങ്ങൾ ആലോചിച്ചപ്പോൾ അതാണ് നന്മയെന്ന് എനിക്ക് ബോധ്യമായി. ഈ വസ്തുതകൾ വായിക്കുമ്പോൾ "ഈ വ്യക്തിയുടെ മനം മാറ്റം കൊണ്ട് ഞങ്ങൾക്ക് വല്ലതും ഉണ്ടോ" എന്ന് വായനക്കാർക്ക് തോന്നിയേക്കാം. എന്നാൽ, അയാൾ ഏതൊരു അന്ധവിശ്വാസത്തിൽ കഴിഞ്ഞുകൂടിയിരുന്നുവോ, അതുപോലുള്ള അന്ധവിശ്വാസത്തിൽ കഴിഞ്ഞു കൂടുന്ന ചിലരെങ്കിലും ഇത് വായിച്ചേക്കാം. അങ്ങനെ സത്യം മനസ്സിലാക്കുവാനും ഉറ്റാലോചിക്കുവാനും, അന്ധവിശ്വാസത്തിന്റെ കൂരിരുട്ടിൽ നിന്ന് മോചനം നേടി സത്യ പ്രകാശത്തിലേക്ക് കടന്നു വരാനും ഇതു കൊണ്ട് അവർക്ക് പ്രചോദനമായേക്കാം.

ഖബ്റുകളോട് അമിതമായ ബഹുമാനം പ്രകടിപ്പിക്കുന്ന സ്വഭാവക്കാരനായിരുന്നു ഞാൻ. ഏതെങ്കിലും ഒരു മഹാന്റെ ഖബ്ർ എവിടെയെങ്കിലും ഉണ്ടെന്നറിഞ്ഞാൽ ഉടൻ ഞാൻ അവിടെ എത്താറുണ്ടായിരുന്നു. ആ മഖ്ബറ സന്ദർശിക്കുക മാത്രമല്ല, അതിനെ ത്വവാഫു ചെയ്യുക കൂടി ചെയ്തിരുന്നു. പലപ്പോഴും ആ ഖബറാളിക്ക് കറാമത്തുകൾ ഉണ്ടായിരുന്നോ ഇല്ലയോ എന്നൊന്നും എനിക്കറിഞ്ഞിരുന്നില്ല. ചിലപ്പോഴൊക്കെ ഞാൻ തന്നെ അവരുടെ പേരിൽ കറാമത്തുകൾ ഉണ്ടാക്കി പറഞ്ഞിരുന്നു. ചില കറാമത്തുകൾ ഞാൻ എന്റെ മനസ്സിൽ മെനഞ്ഞെടുക്കുകയും അവ

പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. തന്റെ സന്താനങ്ങളുടെ വിജയത്തിനായി ധാരാളം പണം ആ മഹാന്മാരുടെ പേരിൽ സ്ഥാപിക്കപ്പെട്ട നേർച്ചപ്പെട്ടികളിൽ നിക്ഷേപിക്കുന്നത് എന്റെ സ്വഭാവമായിരുന്നു. ഭാര്യയുടെ രോഗശമനത്തിനായി പുണ്യപുരുഷന്മാരായ 'വലിയ്യു'കൾക്ക് ബലിമൃഗത്തെ ഞാൻ നേർച്ചയാക്കിയിട്ടുണ്ട്.

## എന്റെ വഴിത്തിരിവ്

ഒരു ദിവസം ഈജിപ്തിലെ ഒരു ഇസ്ലാമിക് ട്രസ്റ്റിന്റെ കീഴിൽ പ്രസിദ്ധീകരിക്കുന്ന ഒരു മാസികയിൽ ജോലി അന്വേഷിക്കുവാനായി ഡോ. ജമീൽ ഗാസീ എന്ന വ്യക്തിയുമായി ഞാൻ ബന്ധപ്പെട്ടു. തൗഹീദിന്റെ പ്രചാരണവും മുസ്ലിംകളുടെ വിശ്വാസ രംഗങ്ങളിൽ കടന്നു കൂടിയിട്ടുള്ള വീഴ്ചകൾ ശുദ്ധീകരിക്കുകയും ചെയ്യുക എന്ന സുപ്രധാന കർത്തവ്യം നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ഒരു ട്രസ്റ്റായിരുന്നു അത്. പലപ്രാവശ്യം ഞാൻ അദ്ദേഹവുമായി കാണുകയുണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ വെള്ളിയാഴ്ച ഖുത്ബകൾ കേൾക്കാൻ ഞാൻ നിർബന്ധിതനായി. ഡോ. ജമീൽ ഗാസിയുടെ ബുദ്ധിപരവും, തെളിവുകൾ നിരത്തിക്കൊണ്ടുള്ളതുമായ ഉജ്ജ്വല ഖുത്ബകളിൽ വിശ്വാസ രംഗത്തെ മാരകമായ വിപത്തുകൾ അദ്ദേഹം വിശദീകരിച്ചു. മരണപ്പെട്ടവരോടുള്ള സഹായം തേടൽ അല്ലാഹുവിൽ പങ്കുചേർക്കുക എന്ന ബഹുദൈവ വിശ്വാസം (ശിർക്ക്) തന്നെയാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

നാട്ടിൽ നടന്നു കൊണ്ടിരിക്കുന്ന കാര്യങ്ങളും അതിന്റെ ഗൗരവവും എനിക്ക് അസ്വസ്ഥതയുണ്ടാക്കി. എന്നാൽ ഡോ. ജമീൽ ഗാസി തന്റെ എല്ലാ ഖുതുബകളിലും ഇതു

പരാമർശിച്ചു കൊണ്ടിരുന്നു. പലപ്പോഴും ഖബറുകളിൽ മഹാന്മാരുടെ ജഡങ്ങളില്ലെന്നു മാത്രമല്ല, ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത നുരുമ്പിയ എല്ലുകൾ പോലും കാണപ്പെടാത്ത അവസ്ഥ കൂടിയാണിതെന്ന് ഓർക്കുമ്പോൾ ഈ പാതകം എത്ര ഗൗരവമാണെന്ന് ഓരോരുത്തർക്കും ഊഹിക്കാവുന്നതേയുള്ളു.

അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുമ്പോഴെല്ലാം എനിക്ക് അസ്വസ്ഥത വർദ്ധിച്ചു കൊണ്ടിരുന്നു. എന്റെ അവസ്ഥയും അദ്ദേഹം പറയുന്ന കാര്യങ്ങളും ഞാൻ താരതമ്യം ചെയ്തു. ദുഃഖിതനായട്ടായിരുന്നു ഞാൻ എന്നും വീട്ടിലേക്ക് മടങ്ങുക. ഞാൻ അകപ്പെട്ടിരിക്കുന്ന അപകടത്തിൽ നിന്നും രക്ഷപ്പെടാൻ പരമാവധി പരിശ്രമിച്ചു. പലപ്പോഴും ഞാൻ മനസ്സിലാക്കിയിരുന്നത് 'ശഹാദത്ത് കലിമ' പറഞ്ഞ ഒരാളിൽ നിന്നുണ്ടാവുന്ന വീഴ്ചകൾ കാരണം അയാൾ കാഫിർ (അവിശ്വാസി) ആവുകയില്ല എന്നായിരുന്നു. ഇത്രയും കാലം ഞാൻ വഴികേടിലായിരുന്നോ നിലകൊണ്ടിരുന്നതെന്നതും എന്നെ തീരാ ദുഃഖിതനാക്കി മാറ്റി.

ഇതോടൊപ്പം എന്നെ ചിന്താകുലനാക്കിയ മറ്റൊരു കാര്യം ഡോക്ടർ പറയാറുണ്ടായിരുന്ന മറ്റൊരു വചനമാണ്. അദ്ദേഹം പറയും: "അല്ലാഹുവിന്റെ വലിയ്യുമാരെ ആരെങ്കിലും ഉപദ്രവിക്കുന്നുവെങ്കിൽ യഥാർത്ഥത്തിൽ അല്ലാഹുവിനോട് യുദ്ധത്തിലാണയാൾ ഏർപ്പെട്ടിരിക്കുന്നത്." ദർഗ്ഗകളിലും ബറുകളിലുമുള്ളവരോട് യുദ്ധം ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം അത് അല്ലാഹുവിനോട് യുദ്ധം ചെയ്യുന്നതിനു തുല്യമാണ്. അതിൽ നിന്നും ഞാൻ അവനോട് കാവലിനെ തേടുന്നു.

## ഒരു സംവാദത്തിന്റെ തുടക്കം

അദ്ദേഹം പറയുന്ന യാഥാർത്ഥ്യം പെട്ടന്ന് അംഗീകരിക്കുവാൻ എനിക്ക് കഴിഞ്ഞില്ല. മാത്രമല്ല, ഡോ. ജമീൽ ഗാസിയെ ഖണ്ഡിക്കുവാൻ തന്നെ ഞാൻ തീരുമാനിച്ചു. ഇതിനായി ഇമാം ഗസ്സാലിയുടെ 'ഇഹ്‌യാഉലൂമിദ്ദീൻ' ഇബ്നു അത്വാഅ് അൽ അസ്കന്തരിയുടെ 'ലത്വാഇഫുൽ മിനൻ' എന്നീ പുസ്തകങ്ങളും ഞാൻ വായിച്ചു. ധാരാളം കറാമത്തുകൾ മനഃപാഠമാക്കി. അവയൊക്കെ എവിടെ സംഭവിച്ചു? ആരിലേക്ക് ചേർത്തിപ്പറയുന്നു എന്നും ഞാൻ മനസ്സിലാക്കി. ഡോ. ജമീൽ ഗാസിയെ പരാജയപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ ഞാൻ പള്ളിയിലേക്ക് പുറപ്പെട്ടു. ഖുതുബക്ക് ശേഷം അദ്ദേഹം എന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ആഥിത്യ മര്യാദ അനുസരിച്ച് അദ്ദേഹം എന്നോട് അപമര്യാദയായി പെരുമാറില്ല എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. മാത്രമല്ല, അദ്ദേഹത്തെ ഖണ്ഡിക്കുവാൻ പര്യാപ്തമായ തെളിവുകൾ എന്റെ അടുക്കലുണ്ടെന്ന ഉറപ്പും എനിക്കുള്ളതിനാൽ ഞാൻ സംസാരിക്കാൻ തുടങ്ങി.

ഔലിയാക്കൾ അല്ലാഹുവിന്റെ അടുക്കൽ പുണ്യാത്മാക്കളും മഹാന്മാരുമാണെന്നു മാത്രമല്ല, അവരുടെ മഹത്വം മനസ്സിലാക്കാൻ കഴിയണമെങ്കിൽ അതേ പോലുള്ള പദവിയിൽ എത്തിയവർക്കു മാത്രമേ കഴിയൂ എന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അല്ലാഹുവിന്റെ അടുക്കൽ അവർക്കുള്ള സാമീപ്യം കാരണം അല്ലാഹു അവർക്ക് അമാനുഷികമായ കഴിവുകൾ നൽകുമെന്നും ഞാൻ ശക്തിയായി വാദിച്ചു.

എന്റെ സംസാരം മുഴുവൻ കേട്ടശേഷം അദ്ദേഹം എന്നോട് ചോദിച്ചു:

? "ഏതെങ്കിലുമൊരു മഹാൻ അല്ലാഹുവിന്റെ അടുക്കൽ അവന്റെ പ്രവാചകനേക്കാൾ ഉൽകൃഷ്ടനാണെന്ന് താങ്കൾക്ക് വിശ്വാസമുണ്ടോ?"
സ്വല്പം പരുങ്ങിക്കൊണ്ടു തന്നെ ഞാൻ പറഞ്ഞു: "ഇല്ല, ഞാൻ ഒരിക്കലും അങ്ങനെ വിശ്വസിക്കുന്നില്ല."

? "എങ്കിൽ ഒരു പ്രവാചകനും ചെയ്തിട്ടില്ലാത്ത രൂപത്തിൽ വായുവിൽ പറക്കുക, വെള്ളത്തിലൂടെ നടക്കുക, ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലെ പഴങ്ങൾ പറിച്ചെടുക്കുക, പോലുള്ള കാര്യങ്ങൾ മറ്റുള്ളവർ ചെയ്തു എന്നു പറഞ്ഞാൽ നാം എങ്ങനെ വിശ്വസിക്കും?"

യഥാർത്ഥത്തിൽ സത്യം മനസ്സിലാക്കുവാൻ ഡോക്ടറുടെ ഈ ചോദ്യം തന്നെ മതിയായിരുന്നു. എന്നാൽ മുപ്പത് വർഷത്തോളം ഞാൻ കൊണ്ടു നടന്നിരുന്ന വിശ്വാസം ഉപേക്ഷിക്കാൻ എന്റെ ദുരഭിമാനവും അന്ധമായ പക്ഷപാതവും എന്നെ സമ്മതിച്ചില്ല. മറിച്ച്, ഞാൻ എന്റെ വാദഗതിയിൽ ഉറച്ചുനിന്നു.

ഞാൻ കൂടുതൽ പഠിക്കുവാനും ഡോ. ജമീൽ ഗാസിയുമായി തുടർന്നും ചർച്ച നടത്തുവാനും തീരുമാനിച്ചു. പലപ്പോഴും ഈ കൂടിക്കാഴ്ചകൾ പതിരാവുകൾ വരെയും തുടർന്നു. സത്യത്തിൽ ഞാൻ തികഞ്ഞ ഒരു സൂഫി ഭക്തനായിരുന്നു. അവരുടെ ഗാനങ്ങളും രാഗങ്ങളും മേളങ്ങളും ദിക്റുകളും ഞാനിഷ്ടപ്പെട്ടിരുന്നു. ഇക്കാരണത്താൽ സൂഫിസം എന്നിൽ ഇഴുകിച്ചേർന്നിരുന്നു എന്നു തന്നെ പറയാം.

തൗഹീദിന്റെ പ്രചരണ രംഗങ്ങളിൽ നിലക്കൊള്ളുന്ന ജമീൽ ഗാസിയെ പോലുള്ളവരെ കുറിച്ച് എന്റെ ധാരണ അവരാണ് ദീനിന്റെ ചൈതന്യം നശിപ്പിക്കുന്നവർ എന്നായിരുന്നു. എല്ലാം അവരുടെ ഭാവനാ സൃഷ്ടികളാണെന്നും ഞാൻ തെറ്റിദ്ധരിച്ചു. കടൽ കാണാത്തവർക്ക് തിരമാലയുടെ രൂപം അറിയാൻ കഴിയാത്തതു പോലെ, സ്നേഹം എന്തെന്ന് അനുഭവിക്കാത്തവർക്ക് പ്രേമത്തിന്റെ മാധുര്യം നുകരാൻ കഴിയാത്തതുപോലെ, ഔലിയാക്കളുടെ പദവിയിൽ എത്താത്തവർക്ക് കറാമത്ത് എന്താണെന്ന് മനസ്സിലാക്കാനും കഴിയില്ലെന്ന് ഞാൻ തെറ്റിദ്ധരിച്ചു. ഇതാണ് സൂഫിസത്തിലെ ധാരാളം പദ്യങ്ങളുടെയും ആശയവും.

ഡോക്ടറുമായുള്ള ഈ സംഭാഷണം എൻറ സ്വസ്ഥത നഷ്ടപ്പെടുത്തി. അവസാനം അദ്ദേഹത്തെ കാണുന്നത് തന്നെ ഞാൻ ഇഷ്ടപ്പെടാതായി. എന്നാൽ അദ്ദേഹം എന്നെ ഒരിക്കലും അകലുവാൻ അനുവദിച്ചില്ല. കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ടു ഞാൻ വാതിൽ തുറന്നപ്പോൾ ഡോ. ജമീൽ ഗാസിയായിരിന്നു. എന്റെ വിശേഷങ്ങളും പള്ളിയിൽ ജുമുഅക്ക് വരാതിരിക്കുന്നതിന്റെ കാരണവും അന്വേഷിച്ചു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: ''ഡോക്ടർ, അങ്ങയെ കുറിച്ച് ഞാൻ വളരെയധികം നിരാശയിലാണ്.'' എന്നാൽ അദ്ദേഹത്തിന്റെ മറുപടി, ''താങ്കളെ കുറിച്ച് എനിക്കു വളരെ പ്രതീക്ഷയാണുള്ളത്.'' ''വിശ്വാസപരമായി താങ്കളിൽ ഞാൻ ധാരാളം നന്മകൾ കാണുന്നു'' എന്നു കൂടി അയാൾ കൂട്ടിച്ചേർത്തു. പെട്ടന്ന് ഡോക്ടറുടെ കയ്യിലുണ്ടായിരുന്ന മുഹമ്മദ് ബ്നു അബ്ദിൽ വഹാബിന്റെ ജീവചരിത്രം എന്റെ ശ്രദ്ധയിൽ പെട്ടു. ഞാൻ അദ്ദേഹത്തോട് അതാവശ്യപ്പെട്ടു. എന്നാൽ രണ്ടാമത് മറ്റൊരു കോപ്പി ഇല്ലഎന്ന കാരണത്താൽ

അത് ലഭിച്ചില്ല. മറ്റൊന്നു കിട്ടിയാൽ അദ്ദേഹം നൽകാമെന്ന് ഉറപ്പു നൽകി. പലപ്പോഴും അദ്ദേഹത്തിന്റെ സ്വഭാവം ഇതായിരുന്നു. ഞാൻ ചോദിക്കുന്ന പുസ്തകമൊന്നും ആദ്യം അയാൾ നൽകാറില്ലായിരുന്നു. എന്നാൽ ഇന്ന് ഞാൻ ആ പുസ്തകം വായിക്കാൻ തുടങ്ങി.

## അന്ധവിശ്വാസം തീർന്നടിയുന്നു

പുസ്തകം വളരെ ചെറുതാണെങ്കിലും അത് എന്നെ ആഘർഷിച്ചു. അതിന്റെ ശൈലിയും വിഷയവും എന്റെ അകത്തളത്തിൽ പ്രകമ്പനമുണ്ടാക്കി. ആ പുസ്തകം എന്നെ ഒരു പുതിയ ലോകത്തേക്ക് കൊണ്ടു പോയി. മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റെ ചരിത്രം അദ്ദേഹത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾ, ആ രംഗത്ത് അനുഭവിക്കേണ്ടി വന്ന പ്രയാസങ്ങൾ എല്ലാം ഓരോ പേജുകളിലും വരികളിലും നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. മറ്റെന്തെങ്കിലും കാര്യത്തിനായി ഞാൻ ഈ പുസ്തകം അടച്ചു വെച്ചാലും മറ്റേതെങ്കിലും പുസ്തകം എടുത്തു വായിക്കാൻ ശ്രമിച്ചാലും എന്റെ മനസ്സ് അതു സമ്മതിക്കില്ല. അപ്പോഴേക്കും ഞാൻ ആ പുസ്തകം വായിച്ചു തീർക്കാതെ മറ്റു പുസ്തകങ്ങൾ വായിക്കുന്നതും ജോലി നോക്കുന്നതും ഒരു പാതകമായി എനിക്കു തോന്നി. പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതനായി ശൈഖ്, ബസ്വറയിലും ബാഗ്ദാദിലും എത്തിയതു വരെ വായിച്ചു. പിന്നീടു എന്തുണ്ടായി എന്നറിയാനുള്ള ജിജ്ഞാസ വർദ്ധിച്ചു. ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ടിലെ പരിഷ്ക്കർത്താവ് എന്നാണ് ഡോ. ഗാസി ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബിനെ വിശേഷിപ്പിച്ചിരുന്നത്.

അദ്ദേഹത്തിന്റെ പടയോട്ടത്തിൽ മനസ്സിലാക്കിയ ഒരു വസ്തുത എന്തായിരുന്നു എന്നല്ലേ? ലോക മുസ്‌ലിംകളിൽ ആകമാനം പടർന്നു പിടിച്ചിരിക്കുന്ന പിന്നോക്കാവസ്ഥയുടെയും സർവ്വത്ര വ്യാപിച്ചിരിക്കുന്ന അധഃപതനത്തിന്റെയും അജ്ഞതയുടെയും അടിസ്ഥാന കാരണം എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അതിന്റെ പ്രതിവിധിയെ കുറിച്ച് അദ്ദേഹം ഉറക്കമിളച്ച് ആലോചിച്ചു.

ഈ സമൂഹത്തെ ശരിയായ ദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കണം, പ്രവാചകൻ ﷺ യുടെ മാർഗ്ഗത്തിലേക്കവരെ നയിക്കണം, എന്നിങ്ങനെ അദ്ദേഹം ദൃഢ നിശ്ചയം ചെയ്തു. ഇപ്പോൾ എനിക്ക് മനസ്സിലായത് ഡോ. ജമീൽ ഗാസി ഉദ്ദേശിക്കുന്ന വിശ്വാസ രംഗത്തെ ശുദ്ധീകരണം ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ തന്നെ ആവശ്യമായി വന്നിരുന്നു; ഇയാൾ പുതുതായി തുടക്കം കുറിച്ചതായിരുന്നില്ല എന്നുമാണ്. വിശ്വാസികളുടെ മനസ്സുകളെ മലീമസമാക്കിയ അന്ധവിശ്വാസങ്ങൾക്കെതിരെ അടരാടുന്നു. ജ്യോത്സ്യന്മാരെയും ദുർമന്ത്രവാദികളെയും തടയിടുന്നു. ജാറങ്ങളും ദർഗ്ഗകളും തച്ചുടക്കുന്നു. ഇവയൊക്കെ അജ്ഞരായ മനുഷ്യരുടെ മനസ്സിൽ പവിത്രമായിരുന്നിട്ടും അവയെ ഉന്മൂലനം ചെയ്യുന്നു.

## വിഭ്രാന്തി പൂണ്ട മുസ്‌ലിം സമൂഹം

മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റെ ധീരോദാത്തമായ ഈ പ്രവർത്തനങ്ങൾ കണ്ട ജനങ്ങൾ എന്ത് സമീപനം സ്വീകരിച്ചു എന്നു പ്രൊഫ. അഹ്മദ് ഹുസൈൻ തന്റെ 'അറേബ്യൻ ഉപദ്വീപിൽ ഞാൻ കണ്ട കാഴ്ചകൾ' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ദർഗ്ഗകളും ഖുബ്ബകളും തച്ചുടച്ചപ്പോഴും,

അല്പജ്ഞാനികളായ മനുഷ്യർ ബർക്കത്തുണ്ടെന്നു വിശ്വസിച്ചിരുന്ന മരങ്ങൾ വെട്ടിമാറ്റിയപ്പോഴും ആരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നില്ല. അപ്പോഴും ജനതയുടെ വിശ്വാസം ഈ കാരണത്താൽ എന്തെങ്കിലും തിന്മ (ഗുരുത്വക്കേട്) സംഭവിക്കുകയാണെങ്കിൽ അദ്ദേഹത്തിനു മാത്രം ബാധിക്കട്ടെ എന്നായിരുന്നു.

ഇത് തന്നെയാണ് എന്റെ നാടായ ഉയൈനയിലും ഉണ്ടായത്. അവിടെയുള്ള പുണ്യ മരങ്ങൾ വെട്ടി മാറ്റുവാനോ, സൈദ് ബിൻ ഥാബിത്തിന്റെ പേരിലുള്ള മഖ്ബറയും ഖുബ്ബയും നശിപ്പിക്കുവാനോ അദ്ദേഹത്തിന്റെ കൂടെ മറ്റാരുമുണ്ടായില്ല. കാരണം, എന്തെങ്കിലും ശാപം പിടിപെടുമെന്നായിരുന്നു ജനങ്ങൾ അധികവും വിശ്വസിച്ചിരുന്നത്.

പ്രസ്തുത ഗ്രന്ഥം പകുതിയോളം ഞാൻ വായിച്ചു തീർത്തു. ഓരോരോ പേജുകൾ വായിച്ചു തീരുമ്പോഴും സന്മാർഗ്ഗം എന്തെന്ന് എനിക്ക് ബോധ്യപ്പെട്ടുകൊണ്ടിരുന്നു. അന്ധകാരത്തിന്റെ മാറാപ്പുകൾ കട്ടപിടിച്ച എന്റെ മനസ്സിലേക്ക് സത്യത്തിന്റെ കിരണം പ്രവേശിക്കുമ്പോഴെല്ലാം കൂടുതൽ പ്രകാശിക്കുന്നതായി എനിക്കനുഭവപ്പെട്ടു. പുസ്തകം വായിക്കുവാനും കാര്യങ്ങളെ കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനുമുള്ള അവസരം ഡോക്ടർ എനിക്ക് നൽകി. അങ്ങനെ മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റെ കൂടെ തൗഹീദിന്റെ പ്രചാരണ മാർഗ്ഗം കൂടുതൽ കൂടുതൽ ഞാനറിഞ്ഞുകൊണ്ടിരുന്നു. പ്രസ്തുത മാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ ശത്രുക്കൾ എത്രമാത്രം തടസ്സങ്ങളും ഗൂഢാലോചനകളുമാണ് നടത്തുന്നതെന്ന് എനിക്ക് ബോധ്യമായി.

അതിന്റെ ഒരു ഉദാഹരണമാണ് അദ്ദേഹം വ്യഭിചാരിണിയായ ഒരു സ്ത്രീക്കെതിരെ ഉയൈനയിൽ വെച്ച് ശിക്ഷ നടപ്പിലാക്കിയപ്പോൾ ഉണ്ടായത്. അൽ-അഹ്സായിലെ ഭരണാധികാരിയായിരുന്ന സുലൈമാൻ ബിൻ മുഹമ്മദ് ബിൻ അബ്ദിൽ അസീസ് അൽ ഹുമൈദീ കോപാകുലനാവുകയും ശൈഖിന്റെ മതപ്രബോധനം കൊണ്ട് ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത് മനസ്സിലാക്കുകയും ചെയ്തു. പുതിയ പ്രബോധനത്തെ മുളയിൽ തന്നെ നശിപ്പിക്കുവാനും ശൈഖിനെ കൊലചെയ്ത് അന്ധവിശ്വാസങ്ങളെ വീണ്ടും പുനപ്രതിഷ്ഠിക്കാനും ആവശ്യപ്പെട്ടു കൊണ്ട് അദ്ദേഹം ഉയൈനാ ഗവർണ്ണറായിരുന്ന ഇബ്നു മഅ്മറിന്ന് എഴുതി.

ശൈഖിന്റെ മകളുടെ ഭർത്താവായിരുന്ന ഇബ്നു മഅ്മറിന്ന് ഈ കൽപ്പന നടപ്പിൽ വരുത്താൻ സാധിച്ചില്ല. അദ്ദേഹം ഭാര്യാപിതാവായ ശൈഖിനെ വിളിക്കുകയും അൽ അഹ്സാ ഭരണാധികാരിയുടെ കൽപ്പന അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. മാത്രമല്ല ഭരണാധികാരിയുടെ കൽപ്പന തിരസ്കരിച്ചാൽ ഇബ്നു മഅ്മറിന്നുണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ കൂടി അദ്ദേഹം വിവരിച്ചു. മരുമകനായ ഇബ്നു മഅ്മറും തന്റെ സന്ദേശം സ്വീകരിച്ച് തൗഹീദ് ഉൾക്കൊള്ളില്ല എന്ന നിരാശയുണ്ട് എങ്കിലും അതെല്ലാം ശൈഖു മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റെ വിശ്വാസത്തിൻ കൂടുതൽ സ്ഥിരതയും കൂടുതൽ തിളക്കവും വർദ്ധിപ്പിച്ചു. അധർമ്മകാരികളായ ഭരണാധികാരികളെല്ലാം സത്യപ്രബോധകന്മാരോട് യുദ്ധം പ്രഖ്യാപിക്കാതിരിക്കില്ല. പക്ഷെ, ശൈഖ് തന്റെ ദൗത്യനിർവ്വഹണത്തിൽ നിന്നും പിന്മാറിയില്ല. തൗഹീദിന്റെ പ്രചരണത്തിനായി അദ്ദേഹം ഉയൈനയിൽ നിന്നും പാലായനം ചെയ്യുകയും കൂടുതൽ വളക്കൂറുള്ള പുതിയ പ്രദേശം കണ്ടെത്തുകയും ചെയ്തു.

ഇന്ന് പ്രഭാതത്തിൽ വളരെ അപരിചിതമായൊരു ശബ്ദം കേട്ടുകൊണ്ടാണ് ഞാനുണർന്നത്. എന്നെ അലോസരപ്പെടുത്തി ചെവിയിൽ തുളച്ചു കയറുന്ന ആ ശബ്ദം മനുഷ്യ ശബ്ദമല്ലായിരുന്നു. ഞാനൊരു സ്വപ്നം കാണുന്നതുപോലെ എനിക്കു തോന്നി. ഒന്നുകൂടി ശ്രദ്ധിച്ചു കേട്ടപ്പോൾ കാതടപ്പിക്കുന്ന ഇരമ്പൽ ശബ്ദം എന്റെ ഉറക്കം പാടെ കെടുത്തിയിരുന്നു. അപ്പോഴേക്കും ഒരു ചൂടു വാർത്തയുമായി ഭാര്യ മുറിയിൽ എത്തിയിരുന്നു. അമ്മായിയുടെ മകൾ തന്റെ ഭർത്താവും കുട്ടിയുമൊത്ത് അങ്ങകലെ 'സ്വഊദി'ൽ നിന്നും പുലരിയുടെ തീവണ്ടിയിൽ തന്നെ എത്തിയിട്ടുണ്ട്. അവരുടെ കൂടെ ഒരു കൂറ്റൻ മുട്ടനാടിനെയും (ഖറൂഫ്) കൊണ്ടു വന്നിട്ടുണ്ടെന്നും അറിയിച്ചു.

ഇത് കേട്ടപ്പോൾ എനിക്ക് വിശ്വസിക്കാനായില്ല. വല്ല തമാശയും പറയുകയായിരിക്കും എന്നു തോന്നി. പിന്നീട് ഞാൻ വിചാരിച്ചത് അവർക്കുണ്ടായ ആൺ കുഞ്ഞിന് 'ഖറൂഫ്' എന്ന് പേരിട്ടിട്ടുണ്ടാവുമെന്നാണ്. കാരണം അങ്ങനെ പേരു വിളിക്കുന്ന പതിവ് ആ നാട്ടുകാർക്കുണ്ട്. ഞൊടിയിടയിൽ ബഹളം കൂട്ടി എന്റെ കുട്ടികളെല്ലാം ബെഡ് റൂമിലേക്ക് ഇരച്ച് കയറുന്നത് പോലെ എനിക്ക് തോന്നി. പെട്ടന്ന് എന്റെ മുറിയുടെ വാതിൽ മുട്ടിത്തുറന്നു. എന്നോട് അനുവാദം ചോദിച്ചതേയില്ല. ഞാൻ തിരിഞ്ഞു നോക്കി. അപ്പോൾ എന്റെ മുമ്പിലതാ താടയും രണ്ട് കൊമ്പും നാലു കാലുകളുമുള്ള ഒരു മുട്ടനാട്! കുട്ടികളെ വിരട്ടി ഓടിച്ച് ... മുന്നിൽ കണ്ടതെല്ലാം തട്ടി നിരത്തി ... തൊട്ടടുത്തുണ്ടായിരുന്ന കണ്ണാടിയും ഉടച്ച് ... വലിയ ശബ്ദത്തോടെ മുരണ്ടു കൊണ്ടിരിക്കുന്നു.

## ത്വൻത്വായിലേക്കുള്ള പുണ്യയാത്ര

ഞൊടിയിടയിൽ ഇതെല്ലാം സംഭവിച്ചു കഴിഞ്ഞു. ഇപ്പോൾ എനിക്കു തോന്നുന്നത് ഞങ്ങളുടെ വീട് ഒരു മൃഗശാലയായിത്തീർന്നിട്ടുണ്ടോ എന്നാണ്. ഈ ഭ്രാന്ത് പൂണ്ട മുട്ടനെ (ഖറൂഫ്) കണ്ട് ഭയന്ന് വിറച്ച എന്റെ ഭാര്യ വീട്ടിലെ ഒരു മൂലയിലേക്ക് പതുങ്ങി നിന്നു. പതറുന്ന കണ്ണുകളോടെ എന്നെ നോക്കി കൊണ്ട് ആടിനെ പുറത്തേക്കാട്ടുവാൻ അവൾ ആവശ്യപ്പെട്ടു. റൂമിൽ ചിതറിക്കിടക്കുന്ന കണ്ണാടി ചില്ലുകൾ ... ആടിന്റെ മുരളലും കുട്ടികളുടെ ശബ്ദ കോലാഹലങ്ങളും, ആടിന്റെ തുറിച്ചു നോക്കുന്ന കണ്ണുകൾ, കൂർത്തു നിൽക്കുന്ന അതിന്റെ രണ്ടു കൊമ്പുകളും .. എല്ലാം ഇനിയും റൂമിൽ അപകടമുണ്ടാക്കും എന്ന് എനിക്ക് ഉറപ്പായി. അതിനാൽ ആടിനെ അടിച്ചോടിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ, സ്വഈദിൽ നിന്നും ആടിനെ കൊണ്ടു വന്ന എന്റെ ബന്ധുക്കൾ ഇതു കണ്ട് അസ്വസ്ഥരായി. മാത്രമല്ല, അട്ടഹാസത്തോടുകൂടി എന്നെ തടഞ്ഞു കൊണ്ടവൾ പറഞ്ഞു: ആടിനെ ഒന്നും ചെയ്തു പോകരുത്. അത് സയ്യിദ് ബദ്‌വിയുടെ പേരിൽ നേർച്ചയാക്കിയ മുട്ടനാണ്, അതിനെ തൊട്ടു പോകരുത്.

അവർ ആ മുട്ടനാടിനെ വിളിച്ചു. അനുസരണശീലമുള്ള ഒരു കുട്ടിയെപ്പോലെ അത് അവളുടെ അടുത്തെത്തി. അതിനെ തലോടിക്കൊണ്ട് അവൾ എല്ലാം വിവരിക്കാൻ തുടങ്ങി. "ഞങ്ങൾ ഈ മുട്ടനാടിനെ മൂന്നു വർഷമായി തീറ്റിപോറ്റി വളർത്തുകയായിരുന്നു. ഇതിനെയുമായി ഞങ്ങൾ സ്വഈദിൽ നിന്നാണ് വരുന്നത്. ഈ ആടിനും എന്റെ മകനും ഒരേ പ്രായമാണ്. കുഞ്ഞിനെ പ്രസവിച്ചാൽ ഉടൻ അവന്റെ ദീർഘായുസ്സിന്നായി ഈ ആടിനെ സയ്യിദ് ബദ്‌വിയുടെ പേരിൽ

ബലിയറുക്കാൻ ഞാൻ നേർച്ചയാക്കി. തൊട്ടടുത്ത ദിവസമാണ് ഈ ബലി നിർവ്വഹക്കേണ്ട നിശ്ചിത ദിവസം സമാഗതമാകുന്നത്.

വളരെയധികം പ്രതീക്ഷയിലും സന്തോഷത്തോടെയുമാണ് അവൾ ഇത്രയും പറഞ്ഞത്. ഇതെല്ലാം കേട്ടുകൊണ്ട് പ്രസന്ന വദനനായിരിക്കുന്ന അവളുടെ ഭർത്താവിന്റെ അടുത്തേക്ക് ഞാൻ തിരിഞ്ഞുനോക്കി. അപ്പോൾ അദ്ദേഹം എന്നെ അവരുടെ കൂടെ 'ത്വൻത്വാ'യിലേക്ക് ക്ഷണിച്ചു. കാരണം അവിടെ വെച്ചാണ് ബലി നിർവ്വഹിക്കപ്പെടുന്നത്. സത്യത്തിൽ ഒട്ടകത്തെയാണ് സയ്യിദ് ബദ്‌വിക്ക് നേർച്ച നൽകാറുള്ളതെന്നും, എന്നാൽ വളരെ കൂടതൽ യാത്രാ ദൂരം ഉള്ളതുകൊണ്ടാണ് ഞങ്ങൾ മുട്ടനാടിനെ നേർച്ചയാക്കിയതെന്നുകൂടി അയാൾ പറഞ്ഞു.

ഞങ്ങളുടെ കുടുംബ ബന്ധം മുറിക്കേണ്ടി വരുമെന്നതിനാൽ ഈ നേർച്ചയെകുറിച്ച് അപ്പോൾ ഞാനൊന്നും പറഞ്ഞില്ല. അവരുടെ മകൻ ജീവിക്കുന്നതിലും മരിക്കുന്നതിലും എനിക്ക് യാതൊന്നുമില്ല. എങ്കിലും ബലി നടക്കുന്ന സ്ഥലത്തേക്ക് അവരുടെ കൂടെ പോകുവാൻ ഞാൻ തീരുമാനിച്ചു. എങ്കിലും ഈ കുഫ്റിന്റെ (സത്യനിഷേധത്തിന്റെ) മാർഗ്ഗത്തോട് ഞാൻ എങ്ങനെ പൊരുത്തപ്പെടുമെന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു. മൂന്നു വർഷത്തോളം അവർ മനസ്സിൽ കൊണ്ടു നടക്കുന്ന ഈ അന്ധവിശ്വാസത്തെ തച്ചുടക്കുക അത്ര എളുപ്പവുമല്ല. എങ്ങനെ ഇതിനെ പ്രതിരോധിക്കുമെന്ന് ഞാൻ ആലോചിച്ചു കൊണ്ടിരുന്നു.

സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരം ഭർത്താക്കന്മാർക്കാണല്ലോ എന്ന കാരണത്താൽ തന്നെ ആദ്യമായി അവരു

ടെ ഭർത്താവിനെ ഉപദേശിക്കുന്നതായിരിക്കും ഏറ്റവും ഫലപ്രദമാവുക എന്ന് എനിക്കു തോന്നി. 'മുഹമ്മദ്ബിൻ അബ്ദിൽ വഹാബ്' എന്ന പുസ്തകം എന്റെ കൈയിൽ പിടിച്ചു കൊണ്ട് അദ്ദേഹത്തെ വീട്ടിലെ ഒഴിഞ്ഞ ഒരിടത്തേക്ക് ഞാൻ ക്ഷണിച്ചു. യാദൃഛികമായി എന്റെ കൈയിൽ നിന്നും പുസ്തകം അദ്ദേഹം വാങ്ങുകയും പുറം ചട്ടയിലുള്ള പുസ്തകത്തിന്റെ പേര് വായിക്കുകയും ചെയ്തു. എന്നാൽ തീക്കനൽ പിടിച്ചവനെ പോലെ അദ്ദേഹത്തിന്റെ കൈയിൽ നിന്നത് നിലത്ത് വീണു. പിന്നീട് അദ്ദേഹം പറയുന്നത് ''ഈ പുസ്തകം എന്റെ കൈയിൽ എങ്ങനെ എത്തിപ്പെട്ടു ? ... ഞാൻ എന്തിനാണ് ഇത് വായിക്കുന്നത് ?.. എന്റെ മതചിട്ടയെ തെറ്റിപ്പിക്കാനായി ബോധപൂർവ്വം തന്നെയാണ് ഈ വിഷം കലർന്ന പുസ്തകം എനിക്ക് തന്നിരിക്കുന്നത് ... കാരണം ഞാൻ ധാർമ്മിക ചിട്ടയോടെ ജീവിക്കുന്നവനും മതകാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നവനുമാണെന്നും ഈ പുസ്തകം സമ്മാനിച്ചവർക്കറിയാം. ദർഗ്ഗകൾ സിയാറത്തു നടത്തുക, അവിടേക്ക് തിരികളും മറ്റും നേർച്ചയാക്കുക, ബലിയറുക്കുക എന്നിവ എന്റെ ഗുണങ്ങളായിരുന്നു. ഈ സൽഗുണങ്ങളെയും വിശ്വാസത്തെയും നശിപ്പിക്കുക എന്ന ഗൂഢമായ ഉദ്ദേശമാണ് ഈ പുസ്തകം തന്നതിലൂടെ അയാൾ ലക്ഷ്യം വെക്കുന്നത്.''

## പ്രബോധനത്തിന്റെ അനിവാര്യത

കുറച്ചു മുമ്പ് ഞാൻ ഡോ. ജമീൽ ഗാസിയോട് എന്ത് സമീപനം സ്വീകരിച്ചിരുന്നുവോ അതിനെക്കാൾ മുറുമുറുപ്പും വിദ്വേഷവും നിറഞ്ഞതായിരുന്നു എന്റെ ബന്ധുവിന് എന്നോടുള്ള സമീപന രീതി. എന്നിരുന്നാലും, ആ കൂടിക്കാഴ്ച കൊണ്ടാണല്ലോ എനിക്ക് സത്യം

കണ്ടെത്താനുള്ള ഒരു വഴിത്തിരിവുണ്ടായത്. ആദ്യമെല്ലാം എന്റെ മനസ്സിലും ഇതു പോലെയുള്ള ചോദ്യം ഉയർന്നു വന്നിരുന്നു. ഈ പുസ്തകത്തിലെ കാര്യങ്ങൾ ഞാൻ ഉൾകൊള്ളേണ്ടതുണ്ടോ? എന്റെ സുദൃഢമായ വിശ്വാസ ത്തെ വരെ ഈ പുസ്തകം ഇളക്കം തട്ടിക്കുന്നുവോ? പൊതുജനങ്ങളെ സംതൃപ്തമാക്കാനായി ഞാൻ എന്റെ പാരമ്പര്യ വിശ്വാസത്തിൽ തന്നെ ശഠിച്ചിരിക്കേണ്ടതുണ്ടോ എന്നൊക്കെ പലപ്പോഴും ഞാനും ആലോചിച്ചിരുന്നു.

താൻ ജീവിച്ചുകൊണ്ടിരിക്കുന്ന ജനാവലിയുടെ സ്വാധീ നത്തിൽ നിന്ന് വളരെ അപൂർവ്വമായേ ഒരാൾക്കു രക്ഷപ്പെ ടാൻ സാധിക്കുകയുള്ളൂ. യഥാർത്ഥത്തിൽ അങ്ങനെയുള്ള വർക്ക് വിശ്വാസരംഗത്ത് സംസ്കൃതി കൈവരിക്കാൻ വളരെ പ്രയാസവുമായിരുക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഞാൻ എന്റെ തൗഹീദുമായി സംതൃപ്ത നാവുകയും ഒരു മൂലയിൽ ഒതുങ്ങിക്കഴിയുകയും ചെയ്യു ന്നത് ഒരിക്കലും നല്ലതല്ല. കാരണം ബഹു ഭൂരിപക്ഷം ആളുകളും ദുർമാർഗ്ഗത്തിലാണ് ജീവിക്കുന്നത്. ഈ അവസ്ഥ തന്നെ തുടരുന്നു എങ്കിൽ അന്ധവിശ്വാസത്തിന്റെ മാറാപ്പുകളിൽ അവർ മുങ്ങി മരിക്കുക തന്നെ ചെയ്യും. അതിനാൽ ഏറ്റവും നല്ല രൂപത്തിൽ അവരെ രക്ഷപ്പെടുത്ത ണം. ആ ജനതയുടെ വീക്ഷണത്തിൽ അത് നിസ്സാരമാണെ ങ്കിലും വളരെ സങ്കീർണ്ണവും മഹാ പാപങ്ങളിൽ പെടുന്നതു മായ ശിർക്കിലാണവർ അകപ്പെട്ടിരിക്കുന്നത്. അതിൽ നിന്നവരെ മോചിപ്പിക്കണം. ദുർമാർഗ്ഗവും അന്ധവിശ്വാസ വും തച്ചുടച്ചു തകർത്താലല്ലാതെ അവർ അകപ്പെട്ടിരിക്കുന്ന വിപത്തിൽ നിന്നും അവർ മടങ്ങുകയില്ല. ഈ ജനതയെ പരിപൂർണ്ണമായും സത്യമാർഗ്ഗത്തിലേക്ക് കൊണ്ട് വരുവാൻ എനിക്ക് സാധിച്ചില്ല എന്നു വന്നേക്കാം. എങ്കിലും

സത്യത്തിന്റെ പ്രചരണത്തിനും അധർമ്മം മറ്റുള്ളവരിൽ കൂടി പകരുന്നത് തടയുവാനും കഴിവനുസരിച്ച് പരിശ്രമി ക്കേണ്ടത് എന്റെ ബാധ്യതയായി ഞാൻ മനസ്സി ലാക്കുന്നു. അങ്ങനെ എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു കൊണ്ട് തന്റെ ബന്ധുവിനോട് കാര്യങ്ങൾ വിശദീകരിക്കാൻ തന്നെ ഞാൻ തീരുമാനിച്ചു.

ഈ ദൗത്യം ഒരു നിസ്സാര കാര്യമല്ല. സഹനപൂർവ്വം നിർ വ്വഹിക്കേണ്ട ബാധ്യതയാണ്. സാവകാശത്തോടുകൂടി അ യാൾക്ക് മുഹമ്മദ് ബിൻ അബ്ദിൽ വഹാബിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കി കൊടുക്കുവാൻ പരിശ്രമിക്കണം. പിന്നീട് കാലാകാലങ്ങളിലായി വഹാബിയ്യഃ പ്രസ്ഥാനത്തെ യും വഹാബികളെയും കുറിച്ച് തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ള ധാരാളം ആരോപണങ്ങളെയും അയാളുടെ മനസ്സിൽ നി ന്നും നീക്കം ചെയ്യണം. യൂസുഫ് ﷺ യുടെ രക്തത്തിൽ ചെന്നായയുടെ നിരപരാധിത്വം പോലെ സത്യവുമായി യാ തൊരു ബന്ധവുമില്ലാത്ത ദുരാരോപണങ്ങളാൽ മുഹമ്മദ് ബിൻ അബ്ദിൽ വഹാബും മനുഷ്യ മനസ്സുകളിൽ തെറ്റിദ്ധ രിപ്പിക്കപ്പെട്ടിരിക്കുന്നു.

## തൗഹീദിന്റെ ശത്രുക്കൾ

സംശുദ്ധമായ ഏകദൈവ വിശ്വാസത്തിന്റെ പ്രചരണ ത്തെ തടുക്കുന്നതിന്നായി ചിലർ എയ്തുവിട്ട ദുരാരോപണ ങ്ങളുടെ യഥാസ്ഥിതി ബോധ്യപ്പെടുത്താൻ ഞാൻ പരിശ്രമി ച്ചു. ഇസ്ലാമിക ശരീഅത്തിന്റെ നിലനില്പും ആരാധനയുടെ അടിസ്ഥാന ശിലയുമാണ് തൗഹീദ്. ഇത് പുലരുന്നതോടു കൂടി അന്ധവിശ്വാസങ്ങൾ തകർന്നടിയും. ജാറങ്ങളും മഖ് ബറകളും നിഷ്കാസനം ചെയ്യപ്പെടും. ദർഗ്ഗാ ഷരീഫുകളു

ടെ സംരക്ഷണത്തിനും, അതിലൂടെ ബർക്കത്തുകൾ വിറ്റ് ജീവിതം നയിക്കുന്നവർക്കും, പുണ്യവും അനുഗ്രഹവും നൽകി സ്വർഗ്ഗത്തിൽ സീറ്റ് ബുക്കു ചെയ്യുന്നവർക്കും നിലനിൽപ്പില്ലാതാവും. ഇത്തരത്തിലുള്ള ശവകുടീര വ്യവസായികളാണ് സത്യത്തിൽ തൗഹീദ് പ്രസ്ഥാനത്തെ തെറ്റിദ്ധരിപ്പിക്കുന്നതും, അതിന്റെ വളർച്ചക്കു വിഘാതം സൃഷ്ടിക്കുന്നതും.

## ഔലിയാക്കളുടെ മജ്ലിസ്

എന്റെ വിശദീകരണങ്ങളെല്ലാം കേട്ടപ്പോൾ സ്വല്പം സത്യപ്രകാശം അയാളിൽ പ്രവേശിച്ചതായി എനിക്കു തോന്നി. എന്നാൽ ഖബ്റുകളിൽ അന്ത്യവിശ്രമം ചെയ്യുന്ന മഹാത്മാക്കളെ കുറിച്ച് അയാൾക്കുണ്ടായിരുന്ന വിശ്വാസം വളരെ വിചിത്രമായിരുന്നു. അവരുടെ ആത്മാക്കളാണ് പ്രപഞ്ചത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. പ്രപഞ്ചത്തിന്റെ കാര്യങ്ങൾ കൂടിയാലോചിക്കുവാനായി വെള്ളിയാഴ്ച രാവുകളിൽ പുണ്യ പുരുഷന്മാരുടെ ആത്മാക്കൾ - സ്ത്രീ വലിയ്യത്തുകൾ ആണെങ്കിലും - അവരുടെ ഖുതുബുൽ അഖ്താബിന്റെ സന്നിധിയിൽ ഒരുമിച്ച് കൂടാറുണ്ടെന്നും അയാൾ വിശ്വസിക്കുന്നു.

ഇതുകേട്ടപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു:

? യഥാർത്ഥത്തിൽ ഖബറുകളിൽ കിടക്കുന്ന ആ പുണ്യാത്മാക്കളാണോ നബി ﷺ യെക്കാൾ അല്ലാഹുവിന്റെയടുക്കൽ കൂടുതൽ ആദരിക്കപ്പെടുന്നവർ?

എന്നാൽ അദ്ദേഹം കുറച്ച് ആലോചിച്ച ശേഷം ഉത്തരം പറയാം എന്നു മറുപടി പറയുകയും, എന്നോട് അവരുടെ കൂടെ ത്വൻത്വായിലെ സയ്യിദ് ബദ്‌വിയുടെ ജാറത്തിലേ

ക്കുള്ള പുണ്യയാത്രയിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ ഞാൻ അദ്ദേഹത്തോട് വീണ്ടും ചോദിച്ചു:

? നിങ്ങളുടെ സന്താനത്തിന്റെ ദീർഘായുസ്സിന്നു വേണ്ടിയാണല്ലോ നിങ്ങളും ഭാര്യയുമെല്ലാംസയ്യിദ് ബദ്‌വിയുടെ അടുക്കലേക്ക് ഈ പുണ്യയാത്ര ചെയ്യുന്നത്. അപ്പോൾ ഒരാളുടെ ആയുസ്സിന്റെ നിയന്ത്രണവും കൈകാര്യവുമെല്ലാം സയ്യിദ് ബദ്‌വിയുടെ കൈയിലാണ് എന്നല്ലേ ഇത് അർത്ഥമാക്കുന്നത്..? എന്നാൽ ഈ ചോദ്യം കേട്ടമാത്രയിൽ എന്നെ തുറിച്ചു നോക്കികൊണ്ട് അദ്ദേഹം ഗർജ്ജിച്ചു: "ഹേ മനുഷ്യാ, നിങ്ങൾ കാഫിറാകുന്നത് സൂക്ഷിക്കണം."

ഇത് കേട്ടപ്പോൾ ഞാൻ വീണ്ടും അദ്ദേഹത്തോട് പറഞ്ഞു: സുഹൃത്തേ, ഞാൻ താങ്കളോട് പറയുന്നതെന്താണ്? സർവ്വ കാര്യങ്ങളും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്നും അതിനാൽ നാം അവനിലേക്ക് മുന്നിടുകയുമാണ് വേണ്ടത് എന്നുമല്ലേ? എന്നാൽ താങ്കൾ പറയുന്നതോ? കാര്യങ്ങളുടെ നിർവ്വഹണത്തിനായി നാം സയ്യിദ് ബദ്‌വിയിലേക്ക് തിരിയണം എന്നാണ്. അപ്പോൾ നമ്മിൽ ശരിക്കും അല്ലാഹുവിനെ നിഷേധിക്കുന്നത് ആരാണെന്ന് ഓർത്തു നോക്കൂ..

## ദീർഘായുസ്സിനായി ദർഗ്ഗാശരീഫിലേക്ക്

എന്റെ ചോദ്യം കേട്ട മാത്രയിൽ ഞാൻ എന്റെ വീട്ടിൽ വെച്ച് അവരെ അപമാനിക്കുകയാണ് ചെയ്തതെന്ന ഭാവത്തോടു കൂടി അദ്ദേഹവും ഭാര്യയും മകനും തങ്ങളുടെ മുട്ടനാടിനെയും കൂട്ടി ത്വൻത്വായിലേക്ക് പുറപ്പെടാനൊരുങ്ങി. അവരെ യാത്ര അയക്കുവാനായി ഞാനും അവരോടൊത്ത് സ്വൽപം നടന്നു. അപ്പോൾ ഭർത്താവിന്റെ ചെവിയിൽ

അവൾ പറഞ്ഞു: "നാം ത്വൻത്വായിൽ നിന്നു മടങ്ങിയ ശേഷം ഇയാൾ നമ്മെ കാണാതിരുന്നെങ്കിൽ അത്രയും നന്നായിരുന്നു. അല്ലെങ്കിൽ ഞാനദ്ദേഹത്തെ പാഠം പഠിപ്പിക്കും." ഇതും പറഞ്ഞു കൊണ്ടവർ മുട്ടനാടിനെയുമായി ത്വൻത്വായിലേക്ക് യാത്ര തിരിച്ചു.

യാത്രയിലുടനീളം അവൻ എന്നെ ആക്ഷേപിച്ചു കൊണ്ടിരുന്നു. കാരണം എന്റെ സത്യത്തിന്റെ സന്ദേശം അവർക്ക് അരോചകമായിട്ടാണ് തോന്നിയത്. എന്തു കൊണ്ടെന്നാൽ അവരുടെ ധാരാളം സന്താനങ്ങൾ മുമ്പ് മരിച്ചു പോയി. ഈ കുട്ടിയെങ്കിലും ജീവിച്ചിരുന്നെങ്കിൽ എന്നവർ ആഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ ജീവിക്കുന്നതും മരിക്കുന്നതും അല്ലാഹുവിന്റെ തീരുമാനം അനുസരിച്ചു മാത്രമാണ്. അവന്റെ കൽപ്പനകളിലോ അവന്റെ ഉദ്ദേശങ്ങളിലോ മറ്റാർക്കും യാതൊരു പങ്കുമില്ല തന്നെ.

പിന്നീട് ഞാൻ ജോലി ചെയ്യുന്ന പത്ര ഓഫീസിലേക്കു പോയി. അവിടെ വെച്ചു ഡോക്ടർ എന്നെ ടെലിഫോണിൽ വിളിക്കുകയും സംസാരത്തിനിടയിൽ അദ്ദേഹം എനിക്ക് തന്നിരുന്ന ആ പുസ്തകത്തെ കുറിച്ച് അന്വേഷിക്കുകയും ചെയ്തു. രാത്രിയിൽ ഞങ്ങൾ പരസ്പരം കണ്ടുമുട്ടി. അങ്ങനെ ഞാൻ അദ്ദേഹത്തോട് തലേ രാത്രിയിൽ നടന്നതെല്ലാം വിശദീകരിച്ചു. വളരെ കുറച്ചു ദിവസങ്ങളായിട്ടുള്ളു ഞാൻ തന്നെ സത്യ വിശ്വാസത്തിന്റെ മാധുര്യം നുകർന്നിട്ടുള്ളുവെങ്കിലും എന്റെ ബന്ധുക്കളെ അത് ബോധ്യപ്പെടുത്തി കൊടുക്കാൻ ഞാൻ വളരെ കൂടുതൽ ശ്രമിച്ചു എന്നും ഡോക്ടറോട് ഞാൻ പറഞ്ഞു.

അപ്പോൾ ഡോക്ടർ എന്നോട് അദ്ദേഹത്തിന്റെ പ്രതീക്ഷ എന്താണെന്ന് വെളിപ്പെടുത്തി. അദ്ദേഹം പറഞ്ഞു. തീർച്ചയായും പ്രബോധന രംഗത്ത് താങ്കൾക്ക് ഒരുപാട് മാറ്റമുണ്ടാക്കാൻ സാധിക്കും. മാത്രമല്ല, ഈ പുസ്തകത്തിന്റെ പകുതി മാത്രം വായിച്ചു തീർന്നപ്പോൾ ഇതാണവസ്ഥ എങ്കിൽ മറ്റു പുസ്തകങ്ങൾ കൂടി വായിക്കുമ്പോൾ താങ്കളിൽ എത്ര വലിയ മാറ്റം ഉണ്ടാവും എന്നു വിലയിരുത്തുക കൂടി ചെയ്തു.

## തൗഹീദിന്റെ വെളിച്ചം

ബലി കർമ്മവും മറ്റും കഴിഞ്ഞ് കുറച്ചു ദിവസങ്ങൾക്കു ശേഷം എന്റെ ബന്ധുക്കൾ ത്വൻത്വായിൽ നിന്നും നേരെ സ്വ ഊദിലേക്ക് മടങ്ങിയെന്ന് ഞാൻ അറിഞ്ഞു. മടക്ക യാത്രയിൽ അവർ കൈറോയിലുള്ള എന്റെ വീട്ടിൽ വന്നതേയില്ല. കാരണം കഴിഞ്ഞ യാത്രയിൽ തന്നെ അവർക്ക് എന്നോട് വെറുപ്പായ രൂപത്തിലാണവർ ത്വൻത്വായിലേക്ക് പോയത്. മാത്രമല്ല, കുടുംബത്തിലെ കാരണവന്മാരോടെല്ലാം എന്നെ കുറിച്ച് അവർ പരാതിയും പറഞ്ഞു. വീണ്ടും ഒരു ദിവസം കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ടു. എന്റെ കുട്ടി വാതിൽ തുറന്നു നോക്കി. തിരിച്ചു വന്നു കൊണ്ട് എന്നോട് പറഞ്ഞു: ഇബ്റാഹീം അൽ ഹറാൻ, എന്റെ ബന്ധു ഹറാൻ തന്നെ ! എനിക്ക് അത്ഭുതം തോന്നി. എന്താണ് സംഭവിച്ചതെന്ന് ഞാൻ ആലോചിച്ചു. വീണ്ടും ഏതെങ്കിലും ജാറത്തിലേക്കുള്ള നേർച്ചയാടിനേയും കൂട്ടി വന്നതാണോ? അതല്ല, മറ്റു വല്ല ലക്ഷ്യവും ഉണ്ടോ? എങ്കിൽ ഈ പ്രാവശ്യം അതു തടുക്കണമെന്ന തീരുമാനത്തോടെ ദേഷ്യം ഒതുക്കി കൊണ്ട് ഞാൻ വാതിലിന്നടുത്തേക്കു പോയി. അപ്പോൾ അദ്ദേഹം എന്നെ ആലിംഗനം ചെയ്യുകയും പുഞ്ചിരിച്ചു കൊണ്ട് എന്നോട്

"ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ്" എന്ന പുസ്തകം ആവശ്യപ്പെടുകയും ചെയ്തു.

## ജാഹിലിയ്യത്ത് തകർന്നടിയുന്നു

ഇതോടു കൂടി ജാഹിലിയ്യത്തിന്റെ കോട്ടകൾ ഓരോന്നായി തകർന്നടിയാൻ തുടങ്ങിയിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. വളരെ കാലത്തെ അശ്രദ്ധയിൽ നിന്നും, താൻ അകപ്പെട്ടിരുന്ന അജ്ഞതയിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം തേടിയാണ് ഇബ്റാഹീമുൽ ഹറാൻ ഇന്നെന്റെ അടുത്തെത്തിയിരിക്കുന്നത്. ഈ ബോധോദയത്തിന്റെ കാരണം എന്താണെന്ന് ഞാൻ അന്വേഷിച്ചു. പടുകൂറ്റൻ പർവ്വതത്തിന്റെ ഉച്ചിയിൽ നിന്നും ഉതിർന്നു വീഴുന്ന കല്ലിനെക്കാൾ ഭാരത്തോടെ അദ്ദേഹം തന്റെ യാത്രാനുഭവം അയാൾ വിവരിക്കാൻ തുടങ്ങി. എന്നാൽ, കണ്ണുനീർ വാർത്ത് ഏറെ ദുഃഖിതനായ അയാൾക്കത് പറഞ്ഞു തീർക്കാൻ കഴിഞ്ഞില്ല. അതിന് മുമ്പു തന്നെ അയാൾ ബോധം കെട്ട് നിലത്തു വീണിരുന്നു.

പിന്നീട് അയാൾ വീണ്ടും കാര്യം വിശദീകരിച്ചു. ഞങ്ങൾ ത്വൻത്വായിൽ നിന്നും മടങ്ങി വന്ന ഉടനെ തന്നെ ഞങ്ങളുടെ ആ അരുമസന്താനവും മരണപ്പെട്ടുപോയി... തുടർച്ചയായി മരണപ്പെടുന്ന എന്റെ നാലാമത്തെ മകനാണവൻ. ഓരോ കുട്ടിയും മൂന്നു വയസ്സ് പൂർത്തിയായാൽ മരണപ്പെടുന്നു. രോഗ ബാധിതനായ കുഞ്ഞിനെ ഒരു വിദഗ്ദനായ ഡോക്ടറെ കാണിച്ച് ചികിത്സിക്കേണ്ടതായിരുന്നു. ഒരു പക്ഷെ, പരമ്പരാഗതമായ വല്ല രോഗവും ഉണ്ടായേക്കാം. എന്നാൽ അതിന്നു പകരമായി ഞങ്ങൾ കുട്ടികളുടെ ദീർഘായുസ്സിനായി പല ശൈഖുമാർക്കും നേർച്ചകൾ നൽകി. ദർഗ്ഗകളിലേക്ക് സന്ദർശനം നടത്തി. ബനൂസൈഫ് എന്ന മലയിലേക്ക് പുണ്യയാ

ത്ര നടത്തി. എന്നാൽ അവ കൊണ്ടൊന്നും എനിക്ക് യാതൊരു നേട്ടവും ലഭിച്ചില്ല. ഈ അജ്ഞതയും അന്ധവിശ്വാസവും എന്നെ തന്നെ ഒരു അക്രമകാരിയാക്കി മാറ്റി. അദ്ദേഹത്തിന്റെ കദന കഥ കേട്ട് ഞാനും വേദനിച്ചു. തുടർന്നുള്ള അദ്ദേഹത്തിന്റെ വിശദീകരണത്തിൽ നിന്നും എനിക്ക് ഇപ്രകാരം മനസ്സിലാക്കാൻ സാധിച്ചു.

അദ്ദേഹവും ഭാര്യയും തന്റെ കുട്ടിയെയും കൊണ്ട് ത്വൻത്വായിലുള്ള സയ്യിദ് ബദ്‌വിയുടെ ദർഗ്ഗയിൽ പോയി ആടിനെ ബലിയറുക്കുകയും അതിന്റെ കുറച്ചു മാംസവുമായി തിരിച്ചു പോരുകയും ചെയ്തു. സയ്യിദ് ബദ്‌വിയുടെ അനുഗ്രഹങ്ങൾ ലഭിക്കുമെന്ന വിശ്വാസത്തോടെ ജനങ്ങൾ ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു. പക്ഷെ, മാംസം കേടുകൂടാതെ സൂക്ഷിക്കേണ്ട യാതൊരു മുൻകരുതലും അവർ ചെയ്തിട്ടുണ്ടായിരുന്നില്ല. അതിനാൽ തന്നെ അത് അഴുകിയിരുന്നു. അങ്ങനെ ആ മാംസം കഴിച്ചവർക്കെല്ലാം അസ്വസ്ഥത അനുഭവപ്പെട്ടു. എന്നാൽ വലിയവരെല്ലാം അപകടാവസ്ഥ തരണം ചെയ്തു. കുട്ടിയിലും അസ്വസ്ഥത കണ്ടു തുടങ്ങി. അപ്പോൾ ബദ്‌വിയോടുള്ള അമിതമായ ബഹുമാനം കാരണം കുട്ടിയുടെ മാതാവ് വിചാരിച്ചത് സയ്യിദ് ബദ്‌വി കുട്ടിയിൽ പ്രവേശിച്ചിരിക്കുകയാണെന്നും ആ മഹാനവർകളുടെ അനുഗ്രഹം കൊണ്ട് രോഗം മാറുമെന്നും ആയിരുന്നു. എന്നാൽ രോഗം മൂർച്ഛിക്കുകയും നാലു ദിവസങ്ങൾ പിന്നിടുകയും ചെയ്തപ്പോൾ കുട്ടിയെ അവർ ഡോക്ടറെ കാണിച്ചു. ഡോക്ടർ തന്റെ പരമാവധി ശ്രമവും നടത്തിയെങ്കിലും അവയൊന്നും ഫലിക്കാത്തത്ര ഗുരുതരാവസ്ഥയിലായിരുന്ന കുട്ടി താമസിയാതെ മരണമടഞ്ഞു.

ഈ കുട്ടി കൂടി മരണപ്പെട്ടതോടു കൂടി മാതാവിനു മനസ്സിന്റെ സമനില നഷ്ടപ്പെട്ടു. ഒരു ഭ്രാന്തിയെ പോലെ പെരുമാറാൻ തുടങ്ങി. കാണുന്ന വസ്തുക്കളൊക്കെ തന്റെ കുഞ്ഞാണെന്ന് വിചാരിച്ച് ലാളിച്ചു കളിപ്പിക്കുകയും എടുത്ത് തോളിലിടുകയും ചെയ്യുന്നു.

എന്നാൽ ഈ സംഭവത്തോടു കൂടി പിതാവിന്റെ ചിന്താശീലം ഉണരുകയും സർവ്വ ശക്തനായ റബ്ബിലേക്ക് തിരിയേണ്ടതിന്റെ ആവശ്യകത അയാൾക്ക് ബോധ്യപ്പെടുകയും ചെയ്തു. എല്ലാ കാര്യത്തിന്റെയും സാക്ഷാൽ കാരണക്കാരൻ പങ്കുകാരനില്ലാത്ത ഏകനായ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിനു മനസ്സിലായി. മറിച്ച് ഓരോ വർഷങ്ങളിലും ദർഗ്ഗകളും ജാറങ്ങളും തേടിപ്പോകുന്നത് തീരാനഷ്ടത്തിനേ കാരണമാകൂ എന്നും അയാൾ ഈ സംഭവത്തിലൂടെ പഠിച്ചു. ഇതെല്ലാം അയാൾ എന്നോട് ഏറ്റു പറയുകയും സ്വയം സമ്മതിക്കുകയും ചെയ്തു. അപ്പോൾ ഇത്തരം സന്ദർഭങ്ങളിൽ പറയേണ്ട സാന്ത്വന വാക്കുകൾ കൊണ്ട് ഞാൻ അയാളെ സമാധാനിപ്പിച്ചു. എന്നാൽ മനസ്സിന്റെ സമനില തെറ്റിയ പത്നിയുടെ അവസ്ഥ എന്താകുമെന്ന ആശങ്ക അദ്ദേഹത്തിനുണ്ടായിരുന്നു. അല്ലാഹു അവർക്ക് ശമനം നൽകിയേക്കാം എന്ന് ഞാൻ ആശ്വസിപ്പിച്ചു.

എന്നാൽ, ദുഃഖത്തോടെ തലതാഴ്ത്തിയിരുന്നു കൊണ്ട് ഭർത്താവ് എന്നോട് ഇപ്രകാരം പറഞ്ഞു. മഖ്ബറകളും ജാറങ്ങളും സന്ദർശിച്ച് ത്വവാഫ് നടത്താനല്ലാതെ വിദഗ്ദരായ ഡോക്ടർമാരുടെ അടുക്കലേക്കവർ വരില്ല. മാത്രമല്ല, ജിന്ന് ബാധയുണ്ട് എന്ന് വിശ്വസിക്കുന്ന ഒരു സിദ്ധയുടെ അടുക്കലേക്ക് അവളെ കൊണ്ട് പോയിരുന്നെന്നും അവിടുന്ന് ഒരു

തകിടിൽ എന്തോ കുറിച്ച് നൽകി എന്നും അയാൾ എന്നോട് പറഞ്ഞു.

ഈ കള്ള സിദ്ധന്മാർ ജനങ്ങളുടെ പണം അപഹരിക്കുകയും രോഗികളുടെ രോഗം വർദ്ധിപ്പിക്കുകയും അവസാനം അവരെ നശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇത് കാണുമ്പോൾ നാം എങ്ങനെ വിലപിക്കാതിരിക്കും?!

ഡോ. ജമീൽ സാഹിബിൽ നിന്നും എനിക്കു ലഭിച്ച ഈ പുസ്തകം കൊണ്ടുണ്ടായ സ്വാധീനം എത്രമാത്രം മഹത്വമേറിയതാണെന്ന് എനിക്ക് ബോധ്യപ്പെട്ടു. യഥാർത്ഥത്തിൽ ആ പുസ്തകം മറ്റൊരാളിലേക്ക് കൈമാറുക മാത്രമാണ് ഞാൻ ചെയ്തത്. പക്ഷെ, അയാൾ ആ പുസ്തകത്തിന്റെ പുറം ചട്ടയിൽ കൊടുത്തിരിക്കുന്ന വചനങ്ങൾ എന്നെ കാണിക്കുകയും ഉറക്കെ വായിക്കുകയും ചെയ്തു. അതിൽ ഇസ്‌ലാം ദുർബലമായി പോകുന്ന കാര്യങ്ങൾ ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് വിവരിക്കുന്നത് ഇപ്രകാരമാണ്. "നിശ്ചയം ആരെങ്കിലും അല്ലാഹുവിൽ ശിർക്ക് വെക്കുന്നുവെങ്കിൽ സ്വർഗ്ഗം അയാൾക്ക് നിഷിദ്ധമാണ്. അയാളുടെ അഭയ സ്ഥാനം നരകമത്രെ. അക്രമികൾക്കു യാതൊരു സഹായിയും ഇല്ല തന്നെ." (മാഇദ : 72)

മഹാത്മാക്കൾക്കും ജിന്നുകൾക്കും മൃഗബലി നൽകുന്നത് അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ചയാകയാൽ അവ ഇസ്‌ലാം ദുർബലമായി പോകുന്ന കാര്യങ്ങളിൽ പെടുമെന്ന് അദ്ദേഹം തെളിവുകളുടെ വെളിച്ചത്തിൽ സമർത്ഥിച്ചിരിക്കുന്നു.

കുറച്ച് ദിവസങ്ങൾക്കു ശേഷം തിരിച്ചു നൽകാമെന്നു പറഞ്ഞ് ആ പുസ്തവുമായി അയാൾ മടങ്ങി പോകാൻ ഒരു

ങ്ങി. മാത്രമല്ല അദ്ദേഹത്തിന്റെ തൗഹീദിനു വെളിച്ചം പകരാൻ പര്യാപ്തമായ മറ്റു ഗ്രന്ഥങ്ങൾ കൂടി അദ്ദേഹം എന്നോടു ചോദിച്ചു.

ഇതു പോലുള്ള ദുരന്തം ഏതെങ്കിലും ഒരു വ്യക്തിയുടെയോ ഒരു കുടുംബത്തിന്റെയോ മാത്രമല്ല. മറിച്ച്, ഇതു പോലുള്ള ധാരാളം വ്യക്തികളെയും കുടുംബങ്ങളെയും ഇന്ന് മുസ്ലിം സമൂഹത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നു. അവർ സത്യത്തെ വെറുക്കുകയും മിഥ്യയെ സ്നേഹിക്കുകയും ചെയ്യുന്നു. സന്മാർഗ്ഗത്തേക്കാൾ ദുർമാർഗ്ഗത്തെയാണവർ സമീപിക്കുന്നത്. സുന്നത്തിനെക്കാൾ ബിദ്അത്തുകളിലേക്കാണവർ ആഘർഷിക്കപ്പെടുന്നത്.

## വ്യാജ സിദ്ധൻ വധിക്കപ്പെടുന്നു.

ഈ സംഭവമെല്ലാം ഡോ. ജമീലിനെ വിളിച്ചറിയിക്കാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്കതിനു സാധിച്ചില്ല. നാട്ടിൽ നടന്നു കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളുടെ യഥാസ്ഥിതി വിവരിച്ചു കൊണ്ടുള്ള ഒരു സ്ഥിരം പംക്തി ഞാൻ എന്റെ മാസികയിൽ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. അതിനായി ഞാൻ ഒഴിഞ്ഞിരിക്കുന്നതിനിടയിൽ അഭ്യന്തര മന്ത്രാലയത്തിൽ നിന്നും ഒരു ഫോൺ. അവിടെയുള്ള ഒരു കൊലപാതകത്തെ കുറിച്ച് റിപ്പോർട്ടു നൽകാനായിരുന്നു അത്. ഉടൻ ഞാൻ അവിടെ എത്തി. വസ്തുതകൾ വിലയിരുത്തിയപ്പോൾ ഈ കൊലപാതകവും അന്ധവിശ്വാസത്തിന്റെയും ബഹുദൈവ വിശ്വാസത്തിന്റെയും കാരണത്താൽ തന്നെ സംഭവിച്ചതാണെന്ന് എനിക്ക് സ്ഥിരീകരിക്കാൻ കഴിഞ്ഞു. കൊല്ലപ്പെട്ട വ്യക്തി ഒരു ബ്ലോക്ക് നിർമ്മാണ ശാലയിലെ ജോലിക്കാരനായിരുന്നു. അതോടൊപ്പം തന്നെ അയാൾ ഒരു സിദ്ധനാണെ

ന്നും അയാൾക്ക് ധാരാളം അമാനുഷിക കഴിവുകൾ ഉണ്ടെന്നും വാദിക്കുകയും ചെയ്തിരുന്നു. ജിന്നു സേവയിലൂടെ രോഗ ശമനം നൽകുവാനും ആഗ്രഹ സാഫല്യം സാധിപ്പിച്ചു കൊടുക്കുവാനും ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്നേഹ ബന്ധം ഉണ്ടാക്കുവാനും തനിക്കു സാധിക്കുമെന്ന് അയാൾ ജനങ്ങളെ വിശ്വസിപ്പിച്ചിരുന്നു. എന്നാൽ ഘാതകൻ ഈജിപ്തിലെ സ്വഈദ് പ്രദേശത്തുള്ള അമ്പതു വയസ്സു കഴിഞ്ഞ ഒരു വ്യക്തിയായിരുന്നു. തന്റെ ആദ്യ ഭാര്യയിൽ സന്താന സൗഭാഗ്യമില്ലാത്തതിനാൽ അവരെ വിവാഹ മോചനം നടത്തി മറ്റൊരു സ്ത്രീയെ വിവാഹം ചെയ്തിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചില്ല. അന്ധവിശ്വാസങ്ങൾക്കടിമപ്പെട്ടിരുന്ന ഈ ഭർത്താവ് അജ്ഞത കാരണം തന്റെ ആദ്യ ഭാര്യ തന്നോടുള്ള പ്രതികാരം തീർക്കാനായി രണ്ടാം ഭാര്യക്ക് സിഹ്ർ ചെയ്തിരിക്കുമെന്ന് വിശ്വസിച്ചു. അതു കൊണ്ടായിരിക്കും ഈ ഭാര്യയിലും സന്താന ലബ്ധി ഇല്ലാതിരിക്കുന്നതെന്നും അയാൾ തെറ്റിദ്ധരിച്ചു. അങ്ങനെ അയാൾ അതിനുള്ള പ്രതിവിധി അന്വേഷിക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹം നാൽപതു വയസ്സു പോലും ആയിട്ടില്ലാത്ത മുകളിൽ പറഞ്ഞ സിദ്ധനെ കുറിച്ചു കേൾക്കാനിടയായി. അയാളുമായി ബന്ധപ്പെട്ടു. രണ്ടു പേരും സിഹ്റിനുള്ള ചികിത്സക്കായി തീരുമാനമെടുത്തു. സിദ്ധനുമായി വീട്ടിലെത്തിയ അയാൾ കാര്യങ്ങൾ എല്ലാം വിശദീകരിച്ചു കൊടുത്തു. സുഭിക്ഷമായി രാത്രി ഭക്ഷണം കഴിച്ചു. അതിന്നു ശേഷം ചികിത്സിക്കാനുള്ള ഒരുക്കമായി. ജിന്നുകൾ ഹാജരാകുന്നതിനു ചില പ്രാഥമിക കർമങ്ങൾ ചെയ്യണമെന്നും അതിന്നു വേണ്ടി ചില സുഗന്ധ വസ്തുക്കൾ ആവശ്യമാണെന്നും പറഞ്ഞു. ആത്മാർത്ഥമായി സിദ്ധനെയും തന്റെ പത്നിയെയും വീട്ടിലാക്കി അയാൾ ചികിത്സക്കാവശ്യമായ വസ്തുക്കൾ വാങ്ങുവാനായി വീട്ടിൽ നിന്നും പുറപ്പെട്ടു.

ഇതു പോലുള്ള സന്ദർഭങ്ങളിൽ എന്തുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഇവിടെയും അതു സംഭവിച്ചു. സിദ്ധന്റെ ബലാൽക്കാരത്തിൽ നിന്നും രക്ഷപ്പെടാനും തന്റെ പവിത്രതയും മാനവും കാക്കുവാനും വേണ്ടി വീട്ടിൽ നിന്നും പുറത്തേക്ക് ഓടിയ സ്ത്രീ ഭർത്താവിന്റെ മുമ്പിലാണ് എത്തിപ്പെട്ടത്. ഭർത്താവ് പുറത്തു പോയിരുന്നെങ്കിലും സാധനങ്ങൾ വാങ്ങാനുള്ള പണം മറന്നതിനാൽ തിരിച്ചു വന്നതായിരുന്നു അയാൾ. തന്റെ പത്നിയിൽ നിന്നും കാര്യങ്ങളെല്ലാം അയാൾ മനസ്സിലാക്കി. ക്ഷോഭം അടക്കാനാവാതെ അദ്ദേഹം സിദ്ധന്റെ അടുത്തെത്തുകയും കൈയിൽ കിട്ടിയ വടി കൊണ്ട് ആഞ്ഞടിക്കുകയും ചെയ്തു. തലക്കടിയേറ്റ സിദ്ധൻ തൽക്ഷണം മരണപ്പെട്ടു.

പിന്നീടയാൾ ശവശരീരം ഒരു ചാക്കിൽ പൊതിഞ്ഞു. അത് ഗ്രാമത്തിലുണ്ടായിരുന്ന ഒരു പൊതു സ്ഥലത്ത് കൊണ്ടുപോയി ഉപേക്ഷിച്ചു. കൊലക്കു തെളിവായേക്കാവുന്ന അടയാളങ്ങളെല്ലാം മായ്ച്ചു കളഞ്ഞു. അങ്ങനെ ആ കള്ള വാദിയായ സിദ്ധനിൽ നിന്നും അയാൾ രക്ഷപ്പെട്ടു എന്ന് ആശ്വസിച്ചു. എന്നാൽ പോലീസുകാർ അന്വേഷണം തുടങ്ങി. അവർ ഗ്രാമത്തിലെ ചാക്കു വിൽപന നടത്തുന്ന രണ്ട് കടകളിലും അന്വേഷിക്കാനെത്തി. അപ്പോൾ കഴിഞ്ഞ രാത്രിയിൽ ചാക്കു വാങ്ങിയ ഒരു വ്യക്തിയെ കുറിച്ചുള്ള വിവരം പോലീസിനു ലഭിച്ചു. വളരെ പെട്ടന്നു തന്നെ കൊലയാളി പിടിക്കപ്പെട്ടു. പിന്നിട് ഓരോ സംഭവവും അയാൾ പോലീസിൽ തുറന്നു സമ്മതിച്ചു.

സത്യത്തിൽ ഈ സംഭവത്തിൽ നിന്ന് മുസ്‌ലിംകളുടെ വിശ്വാസ രംഗത്തുള്ള കടുത്ത ജീർണ്ണതയും അജ്ഞതയുമാണ്

നമുക്ക് അളക്കാൻ കഴിയുന്നത്. ഇത്തരം സംഭവങ്ങളുടെ വെളിച്ചത്തിൽ അന്ധവിശ്വാസങ്ങൾക്കെതിരെ ശക്തമായി സന്ധിയില്ലാ സമരം നടത്തേണ്ട ആവശ്യകത നാം മനസ്സിലാക്കുക. അന്ധവിശ്വാസത്തെ വ്യാവസായികവൽക്കരിച്ച് എത്ര യെത്ര മനുഷ്യ ജീവനെയാണ് ഇവർ ഹോമിക്കുന്നത്?!

## കപട സിദ്ധന്മാരെ സൂക്ഷിക്കുക

സത്യത്തിൽ ഇവിടെ കൊല്ലപ്പെട്ടവനും കൊലയാളിയും അന്ധവിശ്വാസികളാണ്. ശരിയായ ഇസ്‌ലാമിക വിശ്വാസം എന്താണ് എന്നവർ മനസിലാക്കിയിട്ടില്ല. കാരണം ഈ കപട സിദ്ധൻ ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. രോഗ ശമനവും ഭാഗ്യ ദോഷങ്ങളുമെല്ലാം തന്നെ കൊണ്ട് സാധിക്കുമെന്ന് കളവു പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണയാൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ ഇതു ബഹുദൈവ വിശ്വാസമാണ്. കൊലയാളിയാണെങ്കിൽ തനിക്ക് സന്താന ലബ്ധി നൽകാനുള്ള കഴിവു പോലും ഇതു പോലുള്ള സിദ്ധന്മാർക്കുണ്ടെന്നു വിശ്വസിക്കുന്നു. സത്യവിശ്വാസികൾ തനിക്ക് ഉപകാരവും ഉപദ്രവവും നൽകുന്നത് അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കുന്നവരാണ്. മറ്റുള്ള അന്ധവിശ്വാസിങ്ങളിൽ നിന്നും ഇയാൾ രക്ഷപ്പെട്ടിരുന്നുവെങ്കിൽ തന്റെ പ്രിയ പത്നിയെ ഈ കപട സിദ്ധന്റെ കൈകളിൽ ഏൽപിക്കുമായിരുന്നില്ല.

ഇതു പോലുള്ള അന്ധവിശ്വാസത്തിന്റെ പ്രചാരണ വേല നടത്തിക്കൊണ്ടിരിക്കുന്ന ധാരാളം മുസ്‌ലിംകളുണ്ട്. അജ്ഞത കാരണം അതിന്നായി അവർ ജീവിക്കുന്നു. അവയുടെ സംരക്ഷണത്തിനായി നിലകൊള്ളുന്നു. വേണ്ടി വന്നാൽ അതിന്റെ മാർഗ്ഗത്തിൽ ജീവൻ ത്യജിക്കാനും അവർ തയ്യാറാകുന്നു. ഇവർ കൂടിയിരിക്കുന്ന ചില സദസ്സുകളിൽ വെച്ച് അവ

ർ പറയാറുള്ള കാര്യങ്ങൾ അത്ഭുതകരമാണ്. ഇന്ന മഹാൻ ഉണ്ടായിരുന്നില്ലെങ്കിൽ അയാൾ അകപ്പെട്ടിരുന്ന ദുരിതത്തിൽ നിന്നും രക്ഷപ്പെടില്ലായിരുന്നു. ഇന്ന ശൈഖിന്റെ സഹായം ലഭിച്ചില്ലായിരുന്നെങ്കിൽ ഈ വർഷം വറുതിയുടെയും കഷ്ടപ്പാടിന്റേതുമാകുമായിരുന്നു. ഇന്ന വലിയ്യിന്റെ തകിടും നൂലും ലഭിച്ചില്ലായിരുന്നുവെങ്കിൽ അയാളുടെ വൈവാഹിക ബന്ധവും ജീവിതവും തകരുമായിരുന്നു...

## കേവല ഭൗതിക പഠനവും അന്ധവിശ്വാസവും

ഒരു സംഭവം കാണുക. കൈറോ യൂനിവേഴ്സിറ്റിയിൽ നിന്നു ബിരുദവും ശേഷം കാർഷിക പഠനത്തിൽ ഡോക്ടറേറ്റും നേടി ഇപ്പോൾ കൃഷി വകുപ്പിൽ ജോലി ചെയ്യുകയും ചെയ്യുന്ന ഒരു സ്ത്രീ, തന്റെ ഭർത്താവിന്റെ സ്നേഹം സമ്പാദിക്കാനായി അമ്പത് ജുനൈഹ് നൽകി ഒരു തകിടിൽ എന്തോ എഴുതി വാങ്ങി. അത് ഭർത്താവിന്റെ തലയിണക്കടിയിൽ വെച്ചു. യാദൃഛികമായി ഒരു ദിവസം അദ്ദേഹം ഇത് കാണാൻ ഇടയായി. അന്വേഷിച്ചപ്പോൾ സംഗതി മനസ്സിലായി. എന്നാൽ ഇത് ഇഷ്ടപ്പെടാത്ത ഭർത്താവ് അവളെ വിവാഹ മോചനം നടത്തി.

ഖേദകരം എന്നു പറയട്ടെ, എത്രയെത്രജാറങ്ങളും മഖ്ബറകളുമാണ് പ്രത്യേകം പ്രത്യേകം ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടി ഇന്നും നിലനിൽക്കുന്നത്. കുട്ടികളുടെ രോഗ ശമനത്തിനും കണ്ണു രോഗങ്ങൾക്കും ഇന്നും സ്പെഷലൈസ്ഡ് ജാറങ്ങളുണ്ട്. ഭാര്യാഭർത്താക്കന്മാരെ അടുപ്പിക്കുന്നതിനും അടിപ്പിക്കുന്നതിനും പ്രത്യേകം പ്രത്യേകം ദർഗ്ഗകൾ! നേട്ടങ്ങൾ ഉണ്ടാക്കാനും കോട്ടങ്ങൾ വരുത്തുവാനും ധാരാളം സിദ്ധന്മാർ! നന്മ ഉണ്ടാക്കാനും തിന്മകൾ തടുക്കുവാനും നൂലു

കളും റിംഗുകളും ഏലസുകളും സർവ്വത്ര! ഈ അന്ധവിശ്വാസികൾ വിശുദ്ധ ഖുർആനിൽ നിന്നും പാഠമുൾക്കൊണ്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അല്ലാഹു പറയുന്നു:

وإن يمسسك الله بضر فلا كاشف له الا هو وإن يمسسك بخير فهو على كل شيء قدير (الأنعام : 17)

"നിനക്ക് അല്ലാഹു വല്ല ഉപദ്രവത്തെയും ബാധിപ്പിക്കുകയാണെങ്കിൽ അവനല്ലാതെ അതിനെ നീക്കം ചെയ്യുന്നവൻ (ആരും തന്നെ) ഇല്ല. നിനക്കവൻ വല്ല ഗുണത്തെയും ബാധിപ്പിക്കുകയാണെങ്കിൽ അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ. (ആർക്കും തടയുകയും സാധ്യമല്ല)." (അൻആം : 17)

ومن تعلق تميمة فقد أشرك (الحديث)

"(ആഗ്രഹ സാഫല്യത്തിനായി ആരെങ്കിലും നൂലുകൾ കെട്ടുന്നുവോ അവൻ അല്ലാഹുവിൽ പങ്കു ചേർത്തിരിക്കുന്നു." (ഹദീസ്)

വേദനാജനകമായ മറ്റൊരു സത്യം അന്ധവിശ്വാസം എന്നത് നിരക്ഷരരായ പൊതുജനങ്ങളിൽ മാത്രമല്ല, ഉന്നത സർവ്വകലാശാലകളിൽ നിന്നും പഠനം പൂർത്തിയാക്കിയ ബിരുദ ധാരികളിലും കാണപ്പെടുന്നു എന്നതാണ്. ഇതിൽ നിന്നും രക്ഷപ്പെടാൻ സാധിക്കണമെങ്കിൽ അല്ലാഹുവിനെ കുറിച്ചുള്ള ശരിയായ വിശ്വാസം മനസ്സുകളിൽ സുദൃഢമാക്കേണ്ടതുണ്ട്. അവർ ശിർക്ക് കലർന്ന മാർഗ്ഗങ്ങളിലേക്കു തെന്നി വീഴുകയില്ല. മാത്രല്ല സർവ്വ വസ്തുക്കളുടെയും അധിപനായ അല്ലാഹുവിൽ അവർ സംതൃപ്തരായിരിക്കും. അവനോടവർ പങ്കുചേർക്കുകയോ ഇടയാളന്മാരെ സ്വീകരിക്കുകയോ ചെയ്യില്ല. തന്റെ വിശ്വാസത്തിൽ അയാൾ സംതൃപ്തനും അതിന്റെ സംരക്ഷണത്തിൽ ജാഗ്രത പാലിക്കുന്നവനുമാ

യിരിക്കും. അതിനാൽ തന്നെ അന്ധവിശ്വാസം അയാളുടെ സത്യ വിശ്വാത്തിന്റെ മുമ്പിൽ തകർന്ന് തരിപ്പണമായിപ്പോകുന്നതാണ്. കാരണം, അല്ലാഹു വിലക്കിയ മഹാപാപങ്ങളിൽ പെടുന്ന കാര്യങ്ങളാണവ.

യഥാർത്ഥത്തിൽ അല്ലാഹുവിലുള്ള വിശ്വാസം സത്യമാർഗ്ഗം എന്നിവ സർവ്വകലാശാലകളിലോ പുസ്തകങ്ങളിലോ മാത്രം നിക്ഷിപ്തമല്ല. മറിച്ച് അതിനെക്കാൾ വിശാലമാണ്. സമ്പന്നന്മാർക്കു വാങ്ങികൂട്ടാവുന്നതോ ദാരിദ്ര്യം കൊണ്ട് മുടങ്ങിപ്പോകുന്നതോ അല്ല. അവ രണ്ടും ആർക്കും നേടിയെടുക്കാൻ പറ്റാവുന്ന രൂപത്തിലാണ് അല്ലാഹു അവ ഏർപ്പെടുത്തിയിരിക്കുന്നത്.

## പാതിരാവിലെ ജിന്നു പൂജ

ഞാൻ എന്റെ ലേഖനം ശരിയാക്കി കൊണ്ടിരിക്കുന്നതിനിടയിൽ ശാന്തമായ രാത്രിയുടെ മൗനം ഭേദിച്ചു കൊണ്ടുള്ള ഒരു ശബ്ദം ഉയരാൻ തുടങ്ങി. കൂട്ടത്തിൽ തബലയുടെ ശബ്ദവും കൂടികലർന്നിരിക്കുന്നു. കുറച്ചു നിമിഷം മാത്രം നിശ്ചലമാവുകയും വീണ്ടും ശബ്ദം അലയടിച്ചു കൊണ്ടിരിക്കുകയും ചെയ്തു. ചുമരുകളെ പ്രകമ്പനം കൊള്ളിക്കുന്ന ആ ശബ്ദത്തിന് ലയരാഗ വ്യത്യാസങ്ങളുണ്ട്. ഈ ശബ്ദം കുടതൽ കാലം കേട്ട് പരിചയിച്ച എനിക്ക് അതിന്റെ പശ്ചാത്തലം വളരെ പെട്ടെന്ന് മനസ്സിലായി. ജിന്നു ബാധ ഏറ്റിട്ടുള്ളവരെല്ലാം തന്റെ അയൽവാസിനിയായ ബാധയുള്ള സ്ത്രീയുടെ വീട്ടിൽ ഒരുമിച്ചു കൂടിയിട്ടുണ്ട്. അങ്ങനെ എല്ലാവരും കുടി ആറുമാസത്തിൽ ഒരിക്കൽ ജിന്നിനെ പ്രീതിപ്പെടുത്താൻ വേണ്ടി ചെയ്യുന്ന ഒരു തരം സേവയാണവിടെ നടക്കുന്നത്.

ചെകിടടപ്പിക്കുന്ന ഈ ഘോരശബ്ദത്തിൽ നിന്നും രക്ഷപ്പെടാനായി ഞാൻ തൽക്കാലം എഴുത്ത് നിറുത്തി വായിക്കുവാൻ ശ്രമിച്ചു. അപ്പോഴേക്കും വഖഫ് മന്ത്രാലയത്തിൽ ജോലിയുള്ള ഒരു പണ്ഡിതൻ എന്നെ സന്ദർശിക്കാൻ എത്തിയിരുന്നു. വളരെ സന്തോഷത്തോടെ ഞാൻ അയാളെ സ്വീകരിച്ചു. വളരെയധികം പ്രതീക്ഷയോടെ ഈ വിഷയം അയാളുമായി ചർച്ച ചെയ്യാമെന്നും അതു വഴി പ്രസ്തുത ശബ്ദകലുഷിതമായ അന്തരീക്ഷത്തിൽ നിന്ന് രക്ഷ നേടാമെന്നും ഞാൻ വിചാരിച്ചു.

ജിന്നിനെ കുറിച്ചുള്ള ചർച്ചക്കിടയിൽ തന്റെ അയൽവാസിനിയെ കുറിച്ചും അവിടെ നടക്കുന്ന സംഭവത്തെ കുറിച്ചും ഞാൻ അയാളുടെ ശ്രദ്ധയിൽ പെടുത്തി. ജിന്നു ബാധയേറ്റിട്ടുണ്ടെന്നു വിശ്വസിക്കുന്ന സ്ത്രീകളും പുരുഷന്മാരും ജിന്നിനെ പ്രീതിപ്പെടുത്താനെന്ന ഭാവത്തോടെ ചെയ്യുന്ന 'ഹൽഖ്'യെ കുറിച്ചും ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

എന്നാൽ എന്റെ പ്രതീക്ഷക്ക് വിരുദ്ധമായി ആ അസ്ഹരീ പണ്ഡിതന്റെ പ്രതികരണം വളരെ അത്ഭുതമുളവാക്കുന്ന രൂപത്തിലുള്ളതായിരുന്നു. അയാൾ മറ്റൊരു കഥ പറയാൻ തുടങ്ങി. തന്റെ അടുത്ത ഒരു കുടുംബത്തിലെ ബന്ധുക്കൾ - ഭാര്യഭർത്താക്കന്മാർ - ക്കിടയിൽ ഉണ്ടായ അസ്വാരസ്യം കാരണം ആ സ്ത്രീയിൽ ജിന്നു ബാധ ഏൽക്കുകയുണ്ടായി. പിന്നീടു അവളുടെ വലതു കൈയിന്റെ സ്വാധീനം നഷ്ടപ്പെട്ടു. അതിൽ നിന്നും രക്ഷപ്പെടാനായി ജിന്നിനെ സേവിക്കേണ്ടി വന്നു എന്നും അയാൾ പറഞ്ഞു.

ഉന്നത ബിരുദം നേടിയ ഒരു പണ്ഡിതനു പോലും ജിന്നു ബാധയെയും ജിന്നു സേവയെയും കുറിച്ചുള്ള അഭിപ്രായം

കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. എങ്കിൽ പിന്നെ നിരക്ഷരരായ ഇബ്റാഹീം ഹറാനെയും, ഭാര്യയെയും പോലുള്ള പൊതുജനങ്ങൾ ഇത്തരം അന്ധവിശ്വാസത്തിൽ അകപ്പെടുന്നതിന് എന്തിന് അവരെ കുറ്റപ്പെടുത്തണം? ഈ സംസാരം നടക്കുമ്പോഴൊക്കെ എന്റെ അയൽ പക്കത്ത് ജിന്നു സേവയും തകൃതിയായി നടക്കുന്നുണ്ടായിരുന്നു.

## ഹറാനും സത്യം ബോധ്യപ്പെടുന്നു

പുലർച്ചെ ഫോൺ ബെല്ലടിക്കുന്ന ശബ്ദം കേട്ടാണ് ഞാനുണർന്നത്. സുദീർഘമായ ആ ബെല്ലു മുഴങ്ങുമ്പോൾ തന്നെ പട്ടണത്തിന്റെ പുറത്തു നിന്നുള്ളതാണ് ആ വിളി എന്ന് ഉറപ്പായിരുന്നു. റസീവറെടുത്തപ്പോൾ ബന്ധുവായ ഇബ്റാഹീം ഹറാൻ സ്വഊദിൽ നിന്നും വിളിക്കുകയാണെന്ന് മനസ്സിലായി. അടുത്ത ദിവസം അയാൾ എന്റെയടുത്തേക്ക് വരുന്നുണ്ടെന്നും കാത്തിരിക്കണമെന്നും ആവശ്യപ്പെട്ടു. വളരെ സന്തോഷത്തോടെ തന്നെ ഞാൻ അയാളെ സ്വീകരിക്കാനായി കാത്തിരുന്നു. ഇത് കൊണ്ടെന്തു പ്രയാസമുണ്ടായാലും അല്ലാഹുവിന്റെ പ്രതിഫലം കാംഷിക്കുവാനും ഞാൻ തീരുമാനിച്ചു. വളരെ സഹതാപത്തോടു കൂടിയുള്ള അയാളുടെ ആവശ്യം തിരസ്കരിക്കാൻ എനിക്കു മനസ്സു വന്നില്ല. എന്തെങ്കിലും ഒരു ഗുണം എന്നെ കൊണ്ട് അയാൾക്ക് ലഭിക്കുന്നുവെങ്കിൽ അത് ലഭിക്കട്ടെ എന്നതിനാൽ എന്റെ എല്ലാ നഷ്ടവും സഹിച്ചു ഞാൻ ഒരുങ്ങി നിന്നു.

പിറ്റെ ദിവസം രാവിലെ തന്നെ അവർ എത്തിയിരുന്നു. കൂട്ടത്തിൽ ഹറാന്റ ഭാര്യയും അവളുടെ മാതാപിതാക്കളും ഉണ്ട്. ഹറാന്റെ മകൻ മരണമടഞ്ഞതോടുകൂടി സമനില തെറ്റിയ ഭാര്യയുടെ അവസ്ഥ വളരെയധികം ദയനീയം തന്നെ.

അവൾ ഇപ്പോൾ ഒന്നും സംസാരിക്കുന്നില്ല. ചുറ്റിലും നടക്കുന്ന യാതൊന്നും അവൾക്കനുഭവപ്പെടുന്നുമില്ല. ചോദ്യങ്ങൾക്കു മറുപടിയില്ല, ദുഃഖത്താൽ അവളിന്നു ഏതോ ഒരു അവസ്ഥയിൽ എത്തിയിരിക്കുന്നു.

ഈ സ്ത്രീയെയും കൊണ്ടാണ് ബന്ധുക്കൾ എന്റെ അടുത്ത് വന്നിരിക്കുന്നത്. എന്തിനാണവർ വന്നതെന്നല്ലേ? വിദഗ്ദനായ ഒരു ഡോക്ടറുടെ ചികിത്സ തേടിയെത്തിയതാണ്. അബ്ബാസിയ്യ: പ്രവിശ്യയിലെ മനോരോഗാശുപത്രിയിൽ എന്റെ മകൻ പ്രാക്ടീസ് നടത്തുന്നുണ്ട്. അവർക്ക് അവിടെ ഒരു സൗകര്യം ചെയ്യണം. അതിനായി ഞാൻ അവരെ സഹായിക്കണം. ഇതാണിപ്പോൾഅവർ വന്നതിന്റെ ഉദ്ദേശ്യം.

അവളുടെ മകന് രോഗം പിടിപെട്ടതും മൂർച്ഛിച്ചപ്പോൾ ശമനം തേടി ദർഗ്ഗകളും, മഖ്ബറകളും സന്ദർശിച്ചതും, അങ്ങനെയാണ് ആ സന്താനം മരണമടഞ്ഞതെന്നും ഇപ്പോൾ അവർ കുറ്റസമ്മതം നടത്തുന്നു. അതേ പോലെ ഒരു ഡോക്ടറുടെ ചികിത്സക്ക് അനുവദിക്കാത്ത കാരണത്താൽ ഈ സ്ത്രീയും മാരകമായ അവസ്ഥയിൽ എത്തിയിട്ടുണ്ട്. ധാരാളം സ്ത്രീകളുടെ നിർബന്ധം കാരണം ഇവളെയും മഹാന്മാരുടെ ദർഗ്ഗകളിൽ ചികിത്സക്കായ് കൊണ്ടു പോയിട്ടില്ലായിരുന്നെങ്കിൽ ഒരിക്കലും ഈ ഗതി വരില്ലായിരുന്നു എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് പ്രസ്തുത ആശുപത്രിയിൽ ചികിത്സക്ക് സൗകര്യം ലഭിച്ചു. നിരാശപ്പെടേണ്ടതില്ലെന്നും ഒരാഴ്ച്ചത്തെ ചികിത്സ കൊണ്ട് മാറ്റം കണ്ടു തുടങ്ങും എന്നും ഡോക്ടർ പറഞ്ഞു. എലക്ട്രിക് ഷോക്കും, മറ്റ് ചികിത്സകളും നൽകി കൊണ്ടിരുന്നു. ഇടക്ക് ഹറാ

ൻ എന്നെ ഫോണിൽ വിളിച്ചു. അപ്പോൾ അദ്ദേഹത്തോടു ഞാൻ വീട്ടിൽ വരാൻ ആവശ്യപ്പെട്ടു. ശേഷം ഞാൻ അദ്ദേഹത്തോട് ഭാര്യയെ ഒന്നുകൂടി ഹോസ്പിറ്റലിൽ ഇടക്ക് കൊണ്ടു വരേണ്ടതുണ്ടെന്ന് അറിയിച്ചു.

എന്നാൽ ജമീൽ ഗാസിയിൽ നിന്നും ലഭിച്ച ആ പുസ്തകം ഹറാനിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കിയതെന്നല്ലേ? വിശ്വാസ രംഗത്തെ സർവ്വ അജ്ഞതയും അദ്ദേഹം പിഴുതെറിഞ്ഞിട്ടുണ്ട്. ഇന്നദ്ദേഹം ഒരു പുതിയ ജീവിതം തുടങ്ങിയിട്ടുണ്ട്. വിശുദ്ധ ഖുർആനിലെയും, തിരുസുന്നത്തിലെയും വചനങ്ങൾ കൊണ്ടാണയാൾ സംസാരിക്കുന്നത്. അല്ലാഹുവിനെ അല്ലാതെ ആരാധിക്കാത്ത, അവനെയല്ലാതെ ഭയപ്പെടാത്ത, അവനിൽ മാത്രം പ്രതീക്ഷ അർപ്പിക്കുന്ന തികഞ്ഞ ഒരു ഏക ദൈവ വിശ്വാസിയായി മാറിയിട്ടുണ്ട്.

മാത്രമല്ല, കറകളഞ്ഞ തൗഹീദിന്റെ സന്ദേശം മനസിൽ തുളച്ചു കയറിയപ്പോൾ തന്റെ കുടുംബത്തിൽ തന്നെ പരിവർത്തനത്തിന് കാരണമായി. കുടുംബത്തെ ഒരുമിച്ചു കൂട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ പൂർവ്വകാല അബദ്ധജടിലമായ അന്ധവിശ്വാസങ്ങളെ പരിത്യജിക്കുന്നില്ലെങ്കിൽ ഭാര്യയെ - അവരുടെ മകളെ - ഇനി ചികിത്സക്ക് പോലും കൊണ്ടു പോകാൻ അനുവദിക്കില്ല. ജീവിത അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട ആ കുടുംബം മുഴുവനായും ആ നിബന്ധന സ്വീകരിച്ചു.

ഭർത്താവ് തന്നെ സന്ദർശിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അവളുടെ മനസ്സിന് ആശ്വാസം ലഭിച്ചു. അവളുടെ സന്തോഷം വർദ്ധിച്ചു. ഡോക്ടർ ഇപ്രകാരം പറയുകയും ചെയ്തു. യഥാർത്ഥത്തിൽ രോഗശമനത്തിന്റെ കാരണങ്ങളിൽ പെട്ട

സുപ്രധാന ഘടകമാണ് ഭർത്താവിന്റെ സന്ദർശനവും അയാളിലേക്ക് അവൾക്ക് തിരിച്ചു ചെല്ലാനുള്ള സൗകര്യമൊരുക്കലും. കാരണം തന്റെ കുട്ടിയുടെ മരണ ശേഷം അവളിൽ ഉണ്ടാക്കിയ മറ്റൊരാഘാതമായിരുന്നു ഭർത്താവിന്റെ വേർപിരിയൽ. ഏകദേശം ഒന്നര മാസത്തിനു ശേഷം പരിപൂർണ്ണ സുഖം പ്രാപിച്ചു കൊണ്ടവർ തങ്ങളുടെ വീട്ടിലേക്കു തിരിച്ചു.

## അന്ധ വിശ്വാസത്തെ ചെറുക്കുക

ഇതൊരു ദുരന്തം മാത്രം. എന്നാൽ ധാരാളം കുടുംബത്തെയും മുസ്ലിംകളെയും വേട്ടയാടിക്കൊണ്ടിരിക്കുന്ന ധാരാളം അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു. അവയെ ലാഘവത്തോടെ അവഗണിക്കാവതല്ല. നാം ആലോചിക്കുക, ഈ പൗരസ്ത്യരായ നാമും അന്ധവിശ്വസത്തിന് അടിമപ്പെടുന്നതെന്തുകൊണ്ടാണ്? നമ്മുടെ പുരോഗതിക്കു മുമ്പിൽ മാർഗ്ഗ തടസ്സമായി അത് മാറിയതെന്തുകൊണ്ടാണ്?

എനിക്കു തോന്നുന്നത് അവരെ ആവരണം ചെയ്തിരിക്കുന്ന അന്ധവിശ്വാസം കേവലം ആത്മീയതയെ മാത്രമാണ്. എന്നാൽ പൗരസ്ത്യരായ നമ്മുടെ ബുദ്ധിപരവും ഭൗതികവും ആത്മീയവുമായ സർവ്വ മണ്ഡലങ്ങളിലും അന്ധവിശ്വാസം സർവ്വത്ര വ്യാപിച്ചിരിക്കുന്നു. അതിനാൽ തന്നെ നമ്മുടെ വർത്തമാന കാലത്തെയും ഭാവിയെയും അത് നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസ രംഗത്തെ ഈ കലർപ്പ് നാം ശുദ്ധമാക്കുന്നില്ലെങ്കിൽ മതത്തിന്റെ ചൈതന്യം നഷ്ടപ്പെടുക തന്നെ ചെയ്യും.

നമ്മുടെ വിശ്വാസവും സംസ്കാരവും ജീവിത രീതിയും കലർപ്പില്ലാത്ത തൗഹീദിൽ അധിഷ്ഠിതമാക്കണം. എങ്കിൽ അജ്ഞതയും അന്ധവിശ്വാസവും ജോത്സ്യവും ക്രമേണ തകർന്നടിയും.

ഈ സത്യത്തിന്റെ പുലരിക്കായി നമ്മുടെ സർവ്വത്ര ശ്രമങ്ങളും നാം നടത്തേണ്ടതുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ മാധ്യമങ്ങളും അതിനായി വിനിയോഗിക്കണം. ഈ സമൂഹത്തെ നാം പരിശോധിച്ചു നോക്കിയാൽ മുകളിൽ വിവരിക്കപ്പെട്ടതിനെക്കാൾ രൂക്ഷതയേറിയ അന്ധവിശ്വാസത്തിന്റെ കൂരിരുളിൽ കഴിഞ്ഞുകൂടുന്നവരെ കണ്ടെത്താൻ നമുക്ക് സാധിക്കും. അതിനാൽ സത്യവിശ്വാസത്തിന്റെ പ്രചരണത്തിനും അന്ധവിശ്വാസത്തെ തച്ചുടക്കാനും സജ്ജരാവുക.

"ഞങ്ങളുടെ രക്ഷിതാവേ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുകയും റസൂലിനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ നീ ഞങ്ങളെ സാക്ഷ്യം വഹിച്ചവരോടൊപ്പം രേഖപ്പെടുത്തേണമേ." (ആലു ഇംറാൻ : 53)

# ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ...

ഖുർആനും നബി ചര്യയുമാണ് ഇസ്‌ലാമിൻെറ അടിസ്ഥാന പ്രമാണങ്ങൾ.അവയിലൂടെയാണ് ഒരാൾ ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കേണ്ടത്.ഇസ്‌ലാമിനെകുറിച്ച് പഠിക്കുന്നവർക്കായി രിയാദിലെ വെസ്റ്റ് ദീറ ഇസ്‌ലാമിക് സെൻറർ ധാരാളം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- കുടുംബങ്ങൾക്കും അല്ലാത്തവർക്കും വേണ്ടിയുള്ള മതപഠന ക്ളാസുകൾ നടന്നു കൊണ്ടിരിക്കുന്നു.
- ,ഇസ്‌ലാമിക പുസ്തകങ്ങളും, ലഘു ലേഖകൾ മുസ്ഹഫുകൾ, കേസററുകൾ എന്നിവ വിതരണം ചെയ്യുന്നു.
- പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവർക്ക് മതകാര്യ മന്ത്രാലയത്തിൻെറ അംഗീ കാരമുള്ള സർട്ടിഫിക്കററുകൾ ശരിപ്പെടുത്തി കൊടുക്കുന്നു .

*സുഹൃത്തേ , ഇസ്‌ലാം നിങ്ങളെ വിളിക്കുന്നു .*
*മരണത്തിനു മുമ്പായി ഈസത്യമതംസ്വീകരിക്കുക*

കൂടുതൽ വിവരങ്ങൾക്ക്

ISLAMIC CALL AND GUIDANCE CENTER-WEST DEERAH-RIYADH.TEL:4391942 EXT.106,108 FAX:4391851